അധ്യായം 3

പണവും ബാങ്കിംഗ് സംവിധാനവും

കൈമാറ്റത്തിന് പൊതു അംഗീകാരമുള്ള മാധ്യമമാണ് പണം. ഒരു വ്യക്തി മാത്രമുള്ള ഒരു പ്രദേശത്തെപ്പറ്റി സങ്കൽപ്പിക്കുക. ഇവിടെ സാധനങ്ങളുടെ കൈമാറ്റം ആവശ്യമില്ലാത്തതിനാൽ പണത്തിന് യാതൊരു ധർമ്മവും നിർവഹിക്കാനില്ല. ഒന്നിലധികം ആളുകൾ ഉണ്ടെങ്കിലും വിപണിയിൽ സാധനങ്ങളുടെ കൈമാറ്റം നടക്കുന്നില്ലെങ്കിൽ പണം എന്ന മാധ്യമം ആവശ്യമില്ല. ഉദാഹരണത്തിന് ഒറ്റപ്പെട്ട പ്രദേശത്തു താമസിക്കുന്ന ഒരു കുടുംബം. വിപണിയിലൂടെയുള്ള ഇടപാടുകൾ ആരംഭിക്കുമ്പോഴാണ് പണം എന്ന മാധ്യമത്തിന്റെ ആവശ്യം വർദ്ധിക്കുന്നത്. ഒന്നിലധികം സാമ്പത്തിക ഘടകങ്ങൾ വിപണിയിലൂടെയുള്ള കൈമാറ്റങ്ങളിൽ വ്യാപൃതരാകുമ്പോഴാണ് പണം ഇതിനെ സഹായിക്കുന്ന ഒരു ഉപാധിയായി മാറുന്നത്. (പണം ഉപയോഗിക്കാതെ സാധനങ്ങൾ തന്നെ പരസ്പരം കൈമാറുന്ന സമ്പ്രദായമാണ് കൈമാറ്റവ്യവസ്ഥ അഥവാ ബാർട്ടർ സമ്പ്രദായം). പക്ഷേ ഈ വ്യവസ്ഥയുടെ വലിയ പരിമിതി ആവശ്യങ്ങളുടെ ദ്വിമാനപൊരുത്തം വേണമെന്നതാണ്. ഉദാഹരണത്തിന് ലക്ഷ്മിയുടെ കയ്യിൽ അരി മിച്ചമുണ്ട്. അത് കൈമാറി തുണിത്തരങ്ങൾ വാങ്ങാൻ ആഗ്രഹിക്കുന്നു. അരി ആവശ്യമുള്ള, ഒപ്പം തുണിത്തരങ്ങൾ നൽകാൻ തയ്യാറുള്ള ഒരാൾ ഉണ്ടെങ്കിൽ മാത്രമേ കൈമാറ്റം നടക്കുകയുള്ളൂ. ആളുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ഇത് ശ്രമകരമാകുന്നു. ഇത്തരം ഇടപാടുകൾ ലളിതമാക്കുന്നതിന് ഇരു കൂട്ടർക്കും സമ്മതമായ ഒരു മധ്യവർത്തി അനിവാര്യമാണ്. പണം ഇത്തരത്തിലുള്ള ഒരു ഉത്തമമാധ്യമമാണ്. വ്യക്തികൾക്ക് അവരുടെ കയ്യിലുള്ള വസ്തുക്കൾ പണത്തിനു വേണ്ടി വിൽക്കുകയും, വിറ്റുകിട്ടുന്നപണം ഉപയോഗിച്ച് അവർക്ക് ആവശ്യമുള്ള വസ്തുക്കൾ വാങ്ങുകയും ചെയ്യാം. ഇടപാടുകൾ സുഗമമാക്കലാണ് പണത്തിന്റെ പ്രധാന ധർമ്മമെങ്കിലും മറ്റു ചില ധർമ്മങ്ങൾ കൂടി ഇതു നിർവഹിക്കുന്നു. ഒരു ആധുനിക സമ്പദ്‌വ്യവസ്ഥയിൽ പണം നിർവഹിക്കുന്ന പ്രധാന ധർമ്മങ്ങൾ താഴെ കൊടുക്കുന്നു.

3.1 പണത്തിന്റെ പ്രധാന ധർമ്മങ്ങൾ (Medium of exchange)

നേരത്തെ സൂചിപ്പിച്ചതുപോലെ കൈമാറ്റമാധ്യമമായി പ്രവർത്തിക്കുന്നു എന്നതാണ് പണത്തിന്റെ പ്രാഥമിക ധർമ്മം. സാധനങ്ങൾ വാങ്ങാനും കൈമാറാനും സന്നദ്ധരായ ആളുകളെ കണ്ടെത്തുക എന്നത് സങ്കീർണ്ണമായ

ഒരു പ്രക്രിയയാണ്. അതുകൊണ്ടുതന്നെ, വലിയ സമ്പദ്‌വ്യവസ്ഥയിൽ ബാർട്ടർ സമ്പ്രദായം പ്രായോഗികമല്ല.

വസ്തുക്കളുടെ തിട്ടപ്പെടുത്തലിന് അനുയോജ്യമായ യൂണിറ്റ് (Unit of account) ആയും പണം പ്രവർത്തിക്കുന്നു. എല്ലാ സാധനസേവനങ്ങളുടെയും മൂല്യം പണത്തിൽ കണക്കാക്കാൻ സാധിക്കും. ഒരു വാച്ചിന്റെ മൂല്യം 500 രൂപയാണെന്നു പറയുമ്പോൾ, ആ വാച്ച് 500 യൂണിറ്റ് പണത്തിന് കൈമാറാനാവും എന്നുകൂടി അർത്ഥമാക്കുന്നു. ഇവിടെ പണത്തിന്റെ യൂണിറ്റ് രൂപയാണ്. പെൻസിലിന്റെ വില 2 രൂപയും പേനയുടെ വില 10 രൂപയുമാണെങ്കിൽ പെൻസിലുമായി താരതമ്യം ചെയ്യുമ്പോൾ പേനയുടെ ആപേക്ഷികമൂല്യം 10/2=5 പെൻസിൽ ആണ്. ഇതേപൊലെ, പണത്തിന്റെ മൂല്യവും മറ്റുവസ്തുക്കളുമായി താരതമ്യം ചെയ്തു പറയാനാവും. മേൽപ്പറഞ്ഞ ഉദാഹരണത്തിൽ ഒരു രൂപ, 1/2= 0.5 പെൻസിലിനോ, 1/ 10= 0.1 പേനയ്ക്കോ തുല്യമാണ്. ഇപ്രകാരം എല്ലാ വസ്തുക്കളുടെയും പണപരമായ വില ഉയരുമ്പോൾ അതായത് പൊതു വിലനിലവാരം ഉയരുമ്പോൾ വസ്തുക്കൾക്ക് ആപേക്ഷികമായുള്ള പണത്തിന്റെ മൂല്യം കുറഞ്ഞുവരുന്നു. ഒരു യൂണിറ്റ് പണം ഉപയോഗിച്ച് വാങ്ങിക്കാവുന്ന വസ്തുക്കളുടെ അളവ് കുറയുന്നു എന്നതാണ് ഇതിന്റെ സാമാന്യമായ അർത്ഥം. നമുക്ക് ഇതിനെ പണത്തിന്റെ വാങ്ങൽ (ക്രയ) ശേഷി (Purchasing Power) യിലുള്ള അപചയമായി സൂചിപ്പിക്കാം.

ബാർട്ടർ സമ്പ്രദായത്തിന് മറ്റുചില പരിമിതികളും ഉണ്ട്. ഒരാളുടെ സ്വത്ത് സൂക്ഷിച്ചുവയ്ക്കാനും അതിന്റെ ഉപയോഗം മറ്റൊരു ഘട്ടത്തിലേക്ക് നീട്ടിവയ്ക്കാനും ഈ സമ്പ്രദായത്തിൽ ബുദ്ധിമുട്ടാണ്. നിങ്ങളുടെ കയ്യിൽ കുറച്ച് അരിയുണ്ട് എന്നിരിക്കട്ടെ. ആ അരി മുഴുവൻ നിങ്ങൾ ഇപ്പോൾ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നില്ല. കയ്യിൽ മിച്ചമുള്ള അരി ഒരു ആസ്തിയായി കരുതി ഭാവിയിൽ ഉപയോഗിക്കാനോ വിൽക്കാനോ മറ്റു ഉൽപ്പന്നങ്ങൾ വാങ്ങാനായി കൈമാറ്റം ചെയ്യാനോ നിങ്ങൾ ആഗ്രഹിക്കുന്നു. പക്ഷേ അരി നശിച്ചുപോകുന്ന ഒരു ഉൽപ്പന്നമാണ്. ഒരു നിശ്ചിതകാലത്തിനപ്പുറം അത് സൂക്ഷിച്ചുവക്കാൻ കഴിയില്ല. മാത്രമല്ല ഇത് സൂക്ഷിക്കുന്നതിന് ധാരാളം സ്ഥലവും ആവശ്യമാണ്. മറ്റു ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് അരി കൈമാറ്റം ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ അരി ആവശ്യമുള്ള ആളുകളെ കണ്ടെത്തുന്നതും ശ്രമകരമാണ്. പണത്തിനായി അരി വിൽക്കുന്നുവെങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടാകില്ല. പണം നശിച്ചു പോകുന്നില്ല. കൂടാതെ ഇത് സൂക്ഷിക്കുന്നതിന് താരതമ്യേന കുറഞ്ഞ സ്ഥലം മതി. ആരും ഏതു സമയത്തും അംഗീകരിക്കുന്നതാണ് പണം. ഇപ്രകാരം പണം വ്യക്തികൾക്ക് ഒരു മൂല്യശേഖര ഉപാധികൂടിയാണ്. സമ്പത്തിനെ പണത്തിന്റെ രൂപത്തിൽ ഭാവി ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവെക്കാവുന്നതാണ്. പക്ഷേ ഇങ്ങനെ ചെയ്യണമെങ്കിൽ; ഈ ധർമ്മം ശരിയായി നിർവഹിക്കണമെങ്കിൽ പണത്തിന്റെ മൂല്യം സ്ഥിരമായിരിക്കണം. പണമല്ലാതെ ഇത്തരം ധർമ്മം നിർവഹിക്കുന്ന മറ്റു ചില വസ്തുക്കളുണ്ട്. സ്വർണ്ണം, ഭൂമി, കെട്ടിടങ്ങൾ, കടപ്പത്രങ്ങൾ എന്നിങ്ങനെ. പക്ഷേ ഇവയൊന്നും തന്നെ പണത്തെപോലെ പെട്ടെന്ന് രൂപമാറ്റം വരുത്താവുന്നതോ കൈമാറ്റം ചെയ്യാവുന്നതോ അല്ല. ഇവയ്ക്ക് പണത്തെപ്പോലെ സാർവത്രിക സ്വീകാര്യതയും ഇല്ല.

ചില രാഷ്ട്രങ്ങൾ ഇടപാടുകൾക്കായുള്ള പണത്തിന്റെ അളവ് കുറച്ചിരിക്കയാണ്. അവ കൂടുതലായി ഡിജിറ്റൽ ഉപാധികളാണ് ഉപയോഗിക്കുന്നത്. പണരഹിത സമൂഹം എന്നാൽ നാണയങ്ങളുമായും കറൻസി നോട്ടുകളുമായും നേരിൽ ബന്ധിപ്പിക്കാതെ

ഡിജിറ്റൽവിവരങ്ങൾ (പണത്തിന്റെ ഡിജിറ്റൽ പ്രതിനിധീകരണം) ഉപയോഗിച്ച് ജനങ്ങൾക്കിടയിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന അവസ്ഥയാണ്. ഇന്ത്യയിൽ സർക്കാർ സാമ്പത്തികമായഉൾച്ചേർക്കലിനെ(Financial Inclusion) പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധമേഖലകളിൽ സ്ഥിരമായി നിക്ഷേപം നടത്തുന്നു. പണരഹിത സമ്പദ്ഘടനയിലേക്ക് ചുവടുവെക്കുന്നതിനായി ജൻധൻ അക്കൗണ്ടുകൾ, ആധാർ ഉപയോഗിച്ചുള്ള പണമിടപാടു സംവിധാനം, ഇ- വാലറ്റ്, നാഷണൽ ഫിനാൻസ് സ്വിച്ച് (NFS) തുടങ്ങിയ സംവിധാനങ്ങൾ സർക്കാരിന് ശക്തി പകർന്നിട്ടുണ്ട്. മൊബൈൽഫോൺ, സ്മാർട്ട്ഫോൺ എന്നിവ ഇന്ന് രാജ്യവ്യാപകമായതോടെ സാമ്പത്തികമായ ഉൾച്ചേർക്കൽ എന്ന സ്വപ്നം യാഥാർത്ഥ്യത്തിലേക്ക് കൂടുതൽ അടുക്കുന്നുണ്ട്.

3.2 പണത്തിന്റെ ചോദനവും പ്രദാനവും

3.2.1. പണത്തിന്റെ ചോദനം

എന്തുകൊണ്ട് ജനങ്ങൾ ഒരു നിശ്ചിത അളവ് പണം ആവശ്യപ്പെടുന്നു എന്നതാണ് പണത്തിന്റെ ചോദനം എന്ന ആശയം ചർച്ചചെയ്യുന്നത്. ഇടപാടുകൾ നടത്തുന്നതിന് പണം ആവശ്യമായതുകൊണ്ടാണ് ചോദനം ഉണ്ടാവുന്നത്. ഇടപാടിന്റെ മൂല്യത്തെ അടിസ്ഥാനമാക്കിയാണ് എത്ര യൂണിറ്റ് പണം കയ്യിൽ കരുതണമെന്ന് ആളുകൾ തീരുമാനിക്കുന്നത്. അതായത്, ഇടപാടുകൾ കൂടുതലാണെങ്കിൽ പണത്തിന്റെ ചോദനവും കൂടുതലായിരിക്കും. ഇടപാടുകളുടെ അളവ് വരുമാനത്തെ ആശ്രയിച്ചിരിക്കുന്നു എന്നതുകൊണ്ടുതന്നെ വരുമാനത്തിലുണ്ടാവുന്ന വർദ്ധനവ് പണത്തിന്റെ ചോദനവും വർദ്ധിപ്പിക്കുന്നു. അതേപോലെ പലിശയ്ക്കായി ബാങ്കിൽ നിക്ഷേപിക്കുന്നതിനുപകരം ആളുകൾ പണം കയ്യിൽ കരുതുന്നു എന്നിരിക്കട്ടെ. ഇവിടെ പലിശനിരക്ക് എന്ന ഘടകത്തെ ആശ്രയിച്ചാണ് ആളുകൾ കയ്യിൽ കരുതുന്ന പണത്തിന്റെ അളവ് നിശ്ചയിക്കുന്നത്. പലിശനിരക്ക് കൂടുമ്പോൾ പണം ബാങ്കിൽ നിക്ഷേപിക്കാനും പലിശനിരക്ക് കുറയുമ്പോൾ പണം കൈവശം വയ്ക്കാനും ജനങ്ങൾ താൽപ്പര്യപ്പെടുന്നു. ഇപ്രകാരം പലിശനിരക്ക് കൂടുമ്പോൾ പണത്തിന്റെ ചോദനം കുറയുന്നു.

3.2.2. പണത്തിന്റെ പ്രദാനം

ആധുനിക സമ്പദ്വ്യവസ്ഥയിൽ ദ്രവത്വരൂപത്തിലും (Cash) ബാങ്ക് അക്കൗണ്ടിന്റെ രൂപത്തിലുമാണ് പണം നിലനിൽക്കുന്നത്. ബാങ്ക് അക്കൗണ്ടിന്റെ സ്വഭാവം അടിസ്ഥാനമാക്കി പണത്തിന്റെ പ്രദാനത്തിന് വിവിധ മാനദണ്ഡങ്ങളും' ഉണ്ട്. സമ്പദ്ഘടനയിലെ കേന്ദ്രബാങ്ക്, വാണിജ്യബാങ്കുകൾ എന്നിങ്ങനെ രണ്ടുതരത്തിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടുന്ന വ്യവസ്ഥയാണ് ഇത് നിശ്ചയിക്കുന്നത്.

കേന്ദ്രബാങ്ക്

ആധുനിക സമ്പദ്ഘടനയിലെ പ്രധാന സ്ഥാപനങ്ങളിലൊന്നാണ് കേന്ദ്രബാങ്ക്. മിക്ക രാഷ്ട്രങ്ങൾക്കും ഒരു കേന്ദ്രബാങ്കുണ്ട്. ഇന്ത്യയുടെ കേന്ദ്രബാങ്ക് **റിസർവ് ബാങ്ക് ഓഫ് ഇന്ത്യ** ആണ്. 1935ലാണ് ഇത് സ്ഥാപിതമായത്. കേന്ദ്രബാങ്ക് നിരവധി പ്രധാനചുമതലകൾ നിർവഹിക്കുന്നു. രാജ്യത്തിനാവശ്യമായ കറൻസി അടിച്ചിറക്കുന്നത് കേന്ദ്രബാങ്കാണ്. ഇത് രാജ്യത്തെ പണത്തിന്റെ പ്രദാനത്തിന്റെ അടിസ്ഥാനമാണ്. എന്നാൽ എത്ര പണം പ്രദാനം ചെയ്യണമെന്നത് ബാങ്ക് നിരക്ക്, തുറന്ന കമ്പോള നടപടികൾ, വിവിധ കരുതൽ

നിരക്കുകൾ തുടങ്ങിയ മാർഗങ്ങളിലൂടെ കേന്ദ്രബാങ്ക് നിയന്ത്രിക്കുന്നു. സർക്കാറിന്റെ ബാങ്കറായും ഇത് പ്രവർത്തിക്കുന്നു. സമ്പദ്ഘടനയിലെ വിദേശനാണ്യശേഖരത്തിന്റെ സൂക്ഷിപ്പുകാരനും കേന്ദ്രബാങ്കാണ്. ബാങ്കിംഗ് സംവിധാനത്തിലെ ഒരു നേതൃബാങ്കായും ഇത് സേവനമനുഷ്ഠിക്കുന്നു. ഇക്കാര്യങ്ങൾ വിശദമായി പിന്നീട് ചർച്ച ചെയ്യാം.

പണത്തിന്റെ പ്രദാനത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് കറൻസി അടിച്ചിറക്കുന്ന പ്രക്രിയയിൽ നമുക്ക ശ്രദ്ധകേന്ദ്രീകരിക്കേണ്ടതുണ്ട്. കേന്ദ്രബാങ്ക് ഇത്തരത്തിൽ പുറത്തിറക്കുന്ന കറൻസി പൊതുജനങ്ങളുടെയും വാണിജ്യബാങ്കുകളുടെയും കയ്യിലെത്തുന്നു. ഇത് ഹൈപവേർഡ് മണി അഥവാ കരുതൽ (Reserve money) പണം, അല്ലെങ്കിൽ പണാടിത്തറ (Monetary base) എന്നറിയപ്പെടുകയും വായ്പാസൃഷ്ടിക്ക് അടിസ്ഥാനമായി വർത്തിക്കുകയും ചെയ്യുന്നു.

വാണിജ്യബാങ്കുകൾ

സമ്പദ്ഘടനയിൽ പണം പ്രദാനം ചെയ്യുന്ന സംവിധാനത്തിന്റെ മറ്റൊരു ഭാഗമാണ് വാണിജ്യബാങ്കുകൾ. ഇവ ജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുകയും അതിന്റെ ഒരു ഭാഗം ആവശ്യക്കാർക്ക് വായ്പയായി നൽകുകയും ചെയ്യുന്നു. ബാങ്കുകൾ നിക്ഷേപകർക്കു നൽകുന്ന പലിശനിരക്ക് കുറവും വായ്പ എടുക്കുന്നവരിൽ നിന്ന് ഈടാക്കുന്ന പലിശനിരക്ക് കൂടുതലും ആയിരിക്കും. ഈ പലിശനിരക്കുകൾ തമ്മിലുള്ള വ്യത്യാസം ബാങ്കിനു ലഭിക്കുന്ന ലാഭമാണ്. ഇത് വ്യാപനം (spread) എന്നറിയപ്പെടുന്നു.

ബാങ്കുകളുടെ നിക്ഷേപ-വായ്പ്പാ രൂപീകരണ പ്രക്രിയ ചുവടെ വിശദമാക്കുന്നു. ഈ പ്രക്രിയ എളുപ്പം മനസ്സിലാക്കുന്നതിനായി നമുക്കൊരു കഥപറയാം.

ഒരിക്കൽ ഒരു ഗ്രാമത്തിൽ കൃഷ്ണൻ എന്നു പേരുള്ള സ്വർണ്ണപണിക്കാരൻ ഉണ്ടായിരുന്നു. ഗ്രാമവാസികൾ സാധനസേവനങ്ങൾ വാങ്ങുന്നതിനായി സ്വർണ്ണവും മറ്റു വിലപിടിപ്പുള്ള ലോഹങ്ങളും ഉപയോഗിച്ചിരുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഇത്തരം ലോഹങ്ങളാണ് ആ നാട്ടിൽ പണത്തിന്റെ ധർമ്മം നിർവഹിച്ചിരുന്നത്. ഗ്രാമത്തിലെ ആളുകൾ ഇത്തരം ലോഹങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി കൃഷ്ണന്റെ പക്കൽ കൊടുക്കുമായിരുന്നു. കൃഷ്ണൻ അവർക്ക് ഒരു രസീത് നൽകുകയും; സൂക്ഷിച്ചുവെക്കുന്നതിന് ചെറിയൊരു ഫീസ് ഈടാക്കുകയും ചെയ്തിരുന്നു. കാലക്രമേണ സ്വർണ്ണം സൂക്ഷിക്കാൻ തരുന്നവർക്ക് കൃഷ്ണൻ നൽകുന്ന രസീത് പണമായി പ്രചരിക്കാൻ തുടങ്ങി. ഗോതമ്പോ, ചെരുപ്പോ മറ്റു ഉൽപ്പന്നമോ വാങ്ങുന്നതിന് സ്വർണ്ണം നൽകുന്നതിനു പകരം ഈ രസീതുകൾ ഉപയോഗിക്കാൻ തുടങ്ങി. ഇപ്രകാരം ഇത് പണമായി പ്രവർത്തിക്കുകയും ഗ്രാമവാസികൾ ഇതിനെ വിനിമയ മാധ്യമമായി അംഗീകരിക്കുകയും ചെയ്തു.

കൃഷ്ണന്റെ പക്കൽ വിവിധ ആളുകൾ നിക്ഷേപിച്ച ആകെ സ്വർണ്ണം 100 കിലോ ആണെന്നിരിക്കട്ടെ. അദ്ദേഹം ഇതിനു പകരമായി ആളുകൾക്ക് രസീത് നൽകുകയും ചെയ്തിരിക്കുന്നു. ഈ സമയത്ത് രാമു 25 കിലോ സ്വർണ്ണം വായ്പയായി നൽകാൻ ആവശ്യപ്പെട്ട് കൃഷ്ണനെ സമീപിച്ചു. കൃഷ്ണൻ രാമുവിന് വായ്പ കൊടുക്കുമോ? നിരവധി അവകാശികളുള്ള 100 കിലോ സ്വർണ്ണമാണ് അദ്ദേഹത്തിന്റെ പക്കലുള്ളത്. എല്ലാ

1. അധ്യായത്തിന്റെ അവസാനം നൽകിയിരിക്കുന്ന പണപ്രദാന മാനദണ്ഡങ്ങളെക്കുറിച്ചുള്ള പട്ടിക കാണുക.

നിക്ഷേപകരും ഒരേ സമയം സ്വർണ്ണം ആവശ്യപ്പെട്ട് എത്തില്ലെന്നുറപ്പുണ്ടെങ്കിൽ സ്വർണ്ണം രാമുവിന് വായ്പയായി നൽകാവുന്നതാണ്. മാത്രമല്ല, വായ്പ്പയ്ക്കുമേൽ നിശ്ചിത തുക ഈടാക്കാവുന്നതുമാണ്. കൃഷ്ണൻ നൽകുന്ന 25 കിലോ സ്വർണ്ണം രാമു അലിക്ക് നൽകുന്നു. അലി ഇത് കൃഷ്ണന്റെ പക്കൽ തന്നെ നിക്ഷേപിക്കുകയും രസീത് കൈപ്പറ്റുകയും ചെയ്യുന്നു. ഫലത്തിൽ പണമായി പ്രവർത്തിക്കുന്ന കടലാസു രസീതികളുടെ മൂല്യം 125 കിലോ സ്വർണ്ണം ആയി ഉയരുന്നു. ശൂന്യതയിൽ നിന്ന് കൃഷ്ണൻ പണം സൃഷ്ടിച്ചിരിക്കുന്നു! ആധുനിക ബാങ്കിംഗ് സംവിധാനം ഈ രീതിയിലാണ് പ്രവർത്തിക്കുന്നത്.

വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പക്കൽ മിച്ചമുള്ള പണം സ്വീകരിച്ച്, പണം ആവശ്യമുള്ളവർക്ക് എത്തിക്കുന്ന മധ്യവർത്തിയായി വാണിജ്യബാങ്കുകൾ പ്രവർത്തിക്കുന്നു. പണം മിച്ചമുള്ളവർ അത് ബാങ്കിൽ നിക്ഷേപിക്കുന്നു. പണം ആവശ്യമുള്ളവർ വിവിധ ആവശ്യങ്ങൾക്കായി (ഭവന വായ്പ്പ, കാർഷിക വായ്പ എന്നിങ്ങനെ) വായ്പ്പയെടുക്കുന്നു. ബാങ്ക് നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നതിനാൽ ആളുകൾ പണം ബാങ്കിൽ നിക്ഷേപിക്കാൻ താൽപ്പര്യപ്പെടുന്നു. നേരത്തെ പറഞ്ഞ ഉദാഹരണത്തിൽ ആളുകൾ സ്വർണ്ണം സുരക്ഷിതത്വത്തിന് വേണ്ടി കൃഷ്ണനെ ഏൽപ്പിച്ചതുപോലെ പണം വീട്ടിൽ സൂക്ഷിക്കുന്നതിനേക്കാൾ സുരക്ഷിതം ബാങ്കിൽ നിക്ഷേപിക്കുന്നതായതുകൊണ്ടും ആളുകൾ ഇതിന് താൽപ്പര്യപ്പെടുന്നു. പുതിയ സാഹചര്യങ്ങളിൽ ചെക്കുകളും, ഡെബിറ്റ്കാർഡുകളും, ഡിമാന്റ് ഡെപ്പോസിറ്റുകളുമെല്ലാം അവയ്ക്ക് പലിശ ലഭിക്കില്ലെങ്കിൽ കൂടി, കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവുമായ ഇടപാടുകൾക്ക് വഴിയൊരുക്കുന്നു. (വീടുവാങ്ങുന്നതിന് ഒരു വലിയ തുക പണമായി നൽകുന്നത് സങ്കൽപ്പിക്കുക.)

ആളുകൾ നിക്ഷേപിക്കുന്ന തുക ബാങ്ക് എന്തു ചെയ്യും? പണം നിക്ഷേപിക്കുന്നവർ ഒരേസമയം തുക പിൻവലിക്കില്ലെന്ന അനുമാനത്തിൽ ബാങ്ക് പണം ആവശ്യമുള്ളവർക്ക് ഒരു നിശ്ചിത പലിശയ്ക്ക് വായ്പ നൽകുന്നു (തീർച്ചയായും നിശ്ചിത സമയപരിധിക്കുള്ളിൽ കടം നൽകിയ പണം തിരികെ കിട്ടുമെന്ന് ബാങ്ക് ഉറപ്പുവരുത്തേണ്ടതുണ്ട്). അതുകൊണ്ടുതന്നെ നിക്ഷേപത്തിന്റെ ഒരു ഭാഗം കരുതി ബാക്കി ഭാഗം മാത്രമേ വായ്പയായി നൽകൂ. നിക്ഷേപിച്ച പണം ആരെങ്കിലും ആവശ്യപ്പെടുകയാണെങ്കിൽ തിരികെ നൽകാൻ വേണ്ടിയാണിത്. വായ്പകൾക്ക് പലിശ ലഭിക്കുമെന്നതുകൊണ്ട് പരമാവധി വായ്പ നൽകാനാണ് ഒരോ ബാങ്കും താൽപ്പര്യപ്പെടുന്നത്. പക്ഷേ, നിക്ഷേപകർ ആവശ്യപ്പെടുന്ന സമയത്ത് തുക തിരികെ നൽകാൻ ബാങ്കിന് കഴിയണം. തിരികെ കൃത്യമായി ലഭിക്കുമെന്നുറപ്പുണ്ടെങ്കിൽ മാത്രമേ ആളുകൾ പണം നിക്ഷേപിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ ഒരു ബാങ്ക് അതിന്റെ വായ്പാ പ്രക്രിയയും നിക്ഷേപകർക്ക് ആവശ്യാനുസരണം പണം തിരികെ നൽകാനുള്ള മതിയായ തുകയും സന്തുലിതമായി കൊണ്ടുപോകണം.

3.3 ബാങ്കിംഗ് സംവിധാനം വഴിക്കുള്ള പണസൃഷ്ടി (Credit creation)

നേരത്തേ പറഞ്ഞ കഥയിലേതുപോലെ ബാങ്കുകൾക്ക് സ്വന്തമായി പണം സൃഷ്ടിക്കാൻ കഴിയും. എല്ലാ നിക്ഷേപകരും ഒരേസമയം പണം പിൻവലിക്കില്ലെന്ന അനുമാനത്തിൽ ബാങ്കുകൾക്ക് പണം വായ്പ നൽകാനാവും. ഏതൊരു വ്യക്തിക്ക് പണം വായ്പ നൽകുമ്പോഴും അയാളുടെ പേരിൽ ആ ബാങ്കിൽ ഒരു പുതിയ അക്കൗണ്ട് ആരംഭിക്കുന്നു.

ഇപ്രകാരം പണത്തിന്റെ പ്രദാനം പഴയ നിക്ഷേപം അധികം പുതിയനിക്ഷേപം ആയി ഉയരുന്നു (പ്ലസ് കറൻസി).

ഒരു ഉദാഹരണം നോക്കാം. രാജ്യത്ത് ഒരു ബാങ്ക് മാത്രമേ ഉള്ളൂ എന്ന് കരുതുക. ഈ ബാങ്കിന്റെ ഒരു സാങ്കൽപിക ബാലൻസ് ഷീറ്റ് നമുക്കു തയ്യാറാക്കാം. ഏതൊരു ഉൽപ്പാദക യൂണിറ്റിന്റെയും ആസ്തി - ബാധ്യതയുടെ ക്രോഡീകൃത രേഖയാണ് ഒരു ബാലൻസ് ഷീറ്റ്. പരമ്പരാഗതമായി, ബാലൻസ്ഷീറ്റിന്റെ ഇടതുവശത്ത് ആസ്തിയും (Assets) വലതുവശത്ത് ബാധ്യതയും (Liability) രേഖപ്പെടുത്തുന്നു. അക്കൗണ്ടിംഗ് നിയമപ്രകാരം ബാലൻസ് ഷീറ്റിന്റെ രണ്ടുവശവും തുല്യമായിരിക്കണം. അതായത്, മൊത്തം ആസ്തിയും മൊത്തം ബാധ്യതകളും തുല്യമായിരിക്കണം. ഒരു ഉൽപ്പാദകയൂണിറ്റിന്റെ ഉടമസ്ഥതയിലുള്ളതോ, മറ്റുള്ളവരിൽ നിന്ന് അവകാശപ്പെടാൻ സാധിക്കുന്നതോ ആയ വസ്തുക്കളാണ് ആസ്തികൾ. ഒരു ബാങ്കിന്റെ കാര്യത്തിൽ അതിന്റെ കെട്ടിടം, ഫർണിച്ചർ, ആളുകളിൽ നിന്ന് തിരികെ കിട്ടാനുള്ള വായ്പ തുടങ്ങിയവയെല്ലാം ആസ്തിയിലുൾപ്പെടുന്നു. ബാങ്ക് 100 രൂപ ഒരു വ്യക്തിയ്ക്ക് വായ്പ നൽകിയാൽ ആ 100 രൂപ ബാങ്കിന് അവകാശപ്പെടാവുന്ന ആസ്തിയാണ്. കരുതൽ ശേഖരങ്ങളും ബാങ്കിന്റെ ആസ്തിയിൽ ഉൾപ്പെടും. ബാങ്കുകൾ കേന്ദ്രബാങ്കിലോ, സ്വന്തമായോ സൂക്ഷിച്ചുവയ്ക്കുന്ന പണമോ മറ്റ് ആസ്തികളോ ആണ് കരുതൽ ശേഖരങ്ങൾ. കരുതൽ ശേഖരങ്ങൾ ഭാഗികമായി പണത്തിലും റിസർവ് ബാങ്ക് പുറത്തിറക്കുന്ന ധനഉപാധികളുടെ രൂപത്തിലും ആയിരിക്കും (കടപ്പത്രങ്ങൾ, ട്രഷറി ബില്ലുകൾ മുതലായവ). കരുതൽ ശേഖരങ്ങൾ നമ്മൾ ബാങ്കിൽ നിക്ഷേപം നടത്തുന്നതിന് തുല്യമാണ്. ഈ നിക്ഷേപങ്ങൾ നമ്മുടെ ആസ്തി ആയതുകൊണ്ടുതന്നെ നമുക്ക് പിൻവലിക്കാനും സാധിക്കും. സമാനമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBI) പോലുള്ള വാണിജ്യബാങ്കുകൾ അവയുടെ കരുതൽ റിസർവ്ബാങ്കിൽ നിക്ഷേപിക്കുന്നു. ഇതിനെ കരുതൽ ശേഖരം (Reserves) എന്നു പറയുന്നു.

ആസ്തി = കരുതൽ ശേഖരം + വായ്പ

(Asset = Reserves + Loans)

ഒരു ഉൽപ്പാദക യൂണിറ്റിന്റെ കടങ്ങൾ അല്ലെങ്കിൽ മറ്റുള്ളവർക്ക് അവകാശപ്പെടാൻ സാധിക്കുന്ന ആസ്തികളെ ആണ് **ബാധ്യതകൾ** എന്നു പറയുന്നത്. ഒരു ബാങ്കിനെ സംബന്ധിച്ചിടത്തോളം ആളുകൾ ബാങ്കിൽ സൂക്ഷിക്കുന്ന നിക്ഷേപങ്ങളാണ് അതിന്റെ പ്രധാന ബാധ്യത.

ബാധ്യതകൾ = നിക്ഷേപങ്ങൾ

അക്കൗണ്ടിംഗ് നിയമപ്രകാരം ബാലൻസ് ഷീറ്റിലെ രണ്ടു വശങ്ങളും തുല്യമായിരിക്കണം. ആസ്തികൾ ബാധ്യതകളെക്കാൾ കൂടുതലാണെങ്കിൽ അത് വലതുവശത്ത് അറ്റമൂല്യമായി രേഖപ്പെടുത്തുന്നു.

അറ്റമൂല്യം (Net worth) = ആസ്തികൾ - ബാധ്യതകൾ

3.3.1. ഒരു സാങ്കൽപ്പിക ബാങ്കിന്റെ ബാലൻസ് ഷീറ്റ്

ബാങ്ക് ആരംഭിക്കുമ്പോൾ നിക്ഷേപം (ബാധ്യത) 100 രൂപയാണ്. തോമസ് ആണ് ഈ 100 രൂപ നിക്ഷേപിച്ചത്. ഇതേ ബാങ്കിന് റിസർവ് ബാങ്കിൽ 100 രൂപ കരുതൽ ശേഖരവും ഉണ്ട്. പട്ടിക 3.1 ൽ ബാങ്കിന്റെ ബാലൻസ്ഷീറ്റ് നൽകിയിരിക്കുന്നു.

പട്ടിക 3.1 ബാങ്കിന്റെ ബാലൻസ് ഷീറ്റ്

ആസ്തികൾ		ബാധ്യതകൾ	
ശേഖരം	100 രൂപ	നിക്ഷേപങ്ങൾ	100 രൂപ
അറ്റ മൂല്യം	0 രൂപ	അറ്റമൂല്യം	
ആകെ	**100 രൂപ**	**ആകെ**	**100 രൂപ**

സമ്പദ്‌വ്യവസ്ഥയിൽ മറ്റു കറൻസികൾ പ്രചരിക്കുന്നില്ലെന്നു സങ്കൽപ്പിച്ചാൽ ആകെ പണത്തിന്റെ പ്രദാനം 100 രൂപയ്ക്ക് തുല്യമായിരിക്കും.

M_1 = കറൻസി + നിക്ഷേപങ്ങൾ= 0+100= 100

3.3.2 പണം സൃഷ്ടിക്കുന്നതിനുള്ള നിയന്ത്രണങ്ങളും പണഗുണകവും (Money Multiplier)

ഈ സാങ്കൽപ്പികബാങ്കിൽ മാത്യു 500 രൂപ വായ്പയ്ക്ക് അപേക്ഷിച്ചുവെന്നിരിക്കട്ടെ, നമ്മുടെ ബാങ്കിന് ഇത് നൽകാനാവുമോ? മാത്യുവിന് ബാങ്ക് പണം വായ്പനൽകുകയും മാത്യു അത് ഇതേ ബാങ്കിൽ തന്നെ നിക്ഷേപിക്കുകയും ചെയ്തു എന്നിരിക്കട്ടെ, എങ്കിൽ മൊത്തം പണത്തിന്റെ പ്രദാനം വർദ്ധിക്കുന്നു. ഇത് കേൾക്കുമ്പോൾ ബാങ്കുകൾക്ക് യഥേഷ്ടം പണം വർദ്ധിപ്പിക്കാൻ കഴിയും എന്ന് നിങ്ങൾ കരുതുന്നുണ്ടാവും.

സത്യത്തിൽ പണം ഉണ്ടാക്കുന്നതിന് ബാങ്കുകൾക്ക് എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടോ? ഉണ്ട്, കേന്ദ്രബാങ്കാണ് ഇത് നിശ്ചയിക്കുന്നത്. നിക്ഷേപങ്ങളുടെ ഒരു നിശ്ചിത ശതമാനം ഒരോ ബാങ്കും കരുതൽ ശേഖരമായി സൂക്ഷിക്കണമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) നിശ്ചയിച്ചിട്ടുണ്ട്. ഇത് അമിതമായി വായ്പ നൽകാതിരിക്കാനുള്ള ഒരു നിയന്ത്രണമാണ്. ഇത് ബാങ്കിൽ നിക്ഷിപ്തമായ നിയമപരമായ ഉത്തരവാദിത്തമാണ്. ഇത് അവശ്യകരുതൽ ശേഖരാനുപാതം (Required Reserve Ratio), കരുതൽ ശേഖരാനുപാതം (Reserve Ratio), കരുതൽ ധനാനുപാതം (Cash Reserve Ratio) എന്നിങ്ങനെയെല്ലാം അറിയപ്പെടുന്നു.

കരുതൽ ധനാനുപാതം (CRR) = ഒരു ബാങ്ക് അതിന്റെ നിക്ഷേപത്തിന്റെ കരുതൽ ധനശേഖരമായി ബാങ്കിൽ തന്നെ സൂക്ഷിക്കേണ്ട ശതമാനം.

CRR നു പുറമെ ബാങ്കുകൾ കുറഞ്ഞകാലത്തേക്ക് ദ്രവരൂപത്തിൽ മറ്റു ചില ശേഖരങ്ങൾ കൂടി സൂക്ഷിക്കേണ്ടതുണ്ട്. ഇത് നിയമപ്രകാരമുള്ള ദ്രവ്യാനുപാതം (Statutory Liquidity Ratio) അഥവാ SLR എന്ന് അറിയപ്പെടുന്നു.

നമ്മുടെ ഉദാഹരണത്തിൽ CRR = 20% ആണെന്നിരിക്കട്ടെ. എങ്കിൽ ബാങ്ക് 20 രൂപ (100 രൂപയുടെ 20 ശതമാനം) കരുതൽ ധനമായി സൂക്ഷിക്കണം. ബാക്കിവരുന്ന 80 രൂപ മാത്രമേ വായ്പയായി (100-20 = 80) നൽകാനാവൂ. ഇപ്രകാരം ഇത് വായ്പ നൽകുന്ന തുകയ്ക്ക് പരിധി നിശ്ചയിക്കുന്നു.

ഒരു ബാങ്ക് മാത്രമുള്ള സമ്പദ്ഘടന എന്ന നമ്മുടെ സാങ്കൽപ്പിക ഉദാഹരണത്തിലേക്ക് തിരിച്ചെത്താം. ലീല നിക്ഷേപിച്ച 100 രൂപയിൽ നിന്നാണ് ബാങ്കിന്റെ പ്രവർത്തനമാരംഭിച്ചത്. കരുതൽ ശേഖരം 20% ആണ്. ബാങ്കിന് 80 രൂപയാണ് വായ്പയായി

ഇനി നൽകാൻ സാധിക്കൂ. ബാങ്ക് 80 രൂപ മേരിക്ക് വായ്പ നൽകുന്നു. ഇതോടെ രണ്ടാം ഘട്ടത്തിൽ നിക്ഷേപം 180 രൂപയാവുന്നു. ഇപ്പോൾ ബാങ്ക് 180 രൂപയുടെ 20% കരുതൽധനമായി സൂക്ഷിക്കണം. ഇത് 36 രൂപയാണ്. ബാങ്ക് 100 രൂപാ നിക്ഷേപവുമായാണ് പ്രവർത്തനം ആരംഭിച്ചത്. 36 രൂപമാറ്റിവച്ചാൽ 64 രൂപ ബാങ്കിന് വീണ്ടും വായ്പ നൽകാനാവും (100–36= 64). ഈ രൂപ ബാങ്ക് ആയിഷക്ക് വായ്പ നൽകുന്നു. 100 രൂപ കരുതൽ ധനമായി സൂക്ഷിക്കുംവരെ ഈ പ്രക്രിയ തുടരുന്നു. മൊത്തം നിക്ഷേപം 500 രൂപയിലെത്തുമ്പോളാണിത് (500 ന്റെ 20%=100). ഈ പ്രക്രിയയാണ് ചുവടെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നത്.

പട്ടിക 3.2 പണഗുണക പ്രക്രിയ

കോളം 1 ഘട്ടം	കോളം 2 ബാങ്കിലെ നിക്ഷേപം	കോളം 3 ആവശ്യമായ ശേഖരം	കോളം 4 ബാങ്ക് അനുവദിച്ച വായ്പ
1	100.00	20.00	80.00
2	180.00	36.00	64.00
.			
.			
.			
.			
......			
അന്തിമ മൂല്യം	500.00	100.00	400.00

ആദ്യകോളത്തിൽ ഘട്ടങ്ങളാണ് സൂചിപ്പിക്കുന്നത്. ഓരോ ഘട്ടത്തിന്റെയും തുടക്കത്തിൽ ബാങ്കിലുള്ള നിക്ഷേപമാണ് രണ്ടാമത്തെ കോളം സൂചിപ്പിക്കുന്നത്. നിക്ഷേപത്തിന്റെ 20% റിസർവ് ബാങ്കിന്റെ നിർദേശപ്രകാരം കരുതൽ ശേഖരമായി സൂക്ഷിക്കേണ്ടതുണ്ട്. ഇതാണ് കോളം 3ൽ കാണിച്ചിരിക്കുന്നത്. ഓരോ വായ്പാതുകയും അടുത്തഘട്ടത്തിൽ നിക്ഷേപത്തോടൊപ്പം ചേർക്കുന്നു. ബാങ്ക് നൽകിയ വായ്പയാണ് കോളം 4ൽ കാണിക്കുന്നത്.

പട്ടിക 3.3 ബാങ്കിന്റെ ബാലൻസ് ഷീറ്റ്

ആസ്തികൾ		ബാധ്യതകൾ	
ശേഖരം	100 രൂപ	നിക്ഷേപങ്ങൾ (100 + 400)	500 രൂപ
വായ്പകൾ	400 രൂപ		
ആകെ	500 രൂപ	ആകെ	500 രൂപ

ബാങ്കിന് അതിന്റെ നിക്ഷേപത്തിന്റെ 20% മാത്രമേ കരുതൽ ശേഖരമായി സൂക്ഷിക്കേണ്ടതുള്ളൂ. ഇപ്രകാരം ബാങ്കിന് 400 രൂപ വായ്പയായി നൽകാം. പട്ടിക 3.3ൽ ബാങ്കിന്റെ ബാലൻസ് ഷീറ്റാണ് നൽകിയിരിക്കുന്നത്.

$$M_1 = \text{കറൻസി} + \text{നിക്ഷേപങ്ങൾ} = 0+500 = 500$$

ഇപ്രകാരം പണത്തിന്റെ പ്രദാനം 100ൽ നിന്ന് 500ലേക്ക് ഉയരുന്നു.

CRR 20% ആണെന്നിരിക്കെ, 400 രൂപയിൽ കൂടുതൽ വായ്പ നൽകാൻ ബാങ്കിന് സാധിക്കില്ല. കരുതൽ ശേഖരം എന്ന നിബന്ധന പണം സൃഷ്ടിക്കുന്നതിന് ഒരു പരിധിയായി പ്രവർത്തിക്കുന്നു.

$$\text{പണഗുണകം} = \frac{1}{\text{കരുതൽ ധനാനുപാതം}}$$

നമ്മുടെ ഉദാഹരണത്തിൽ പണഗുണകം $= \frac{1}{20\%} = \frac{1}{0.2} = 5$ ഇപ്രകാരം 100 രൂപ കരുതൽ ശേഖരം 500 രൂപ നിക്ഷേപം സൃഷ്ടിക്കുന്നു (5 x 100 = 500).

3.4 പണത്തിന്റെ പ്രദാനം നിയന്ത്രിക്കുന്നതിനുള്ള നയ ഉപാധികൾ

കറൻസി അടിച്ചിറക്കാൻ അധികാരമുള്ള ഒരേ ഒരു സ്ഥാപനമാണ് റിസർവ് ബാങ്ക്. വാണിജ്യബാങ്കുകൾക്ക് കൂടുതൽ വായ്പ നൽകുന്നതിന് കൂടുതൽ ഫണ്ട് ആവശ്യമായി വരുമ്പോൾ അവർ വിപണിയെയോ കേന്ദ്ര ബാങ്കിനെയോ ഇതിനായി ആശ്രയിക്കുന്നു. കേന്ദ്രബാങ്ക് നിരവധി ഉപാധികളിലൂടെ ഇവയ്ക്ക് ഫണ്ട് അനുവദിക്കുന്നു. വാണിജ്യ ബാങ്കുകൾക്ക് ആവശ്യമുള്ള സമയങ്ങളിൽ വായ്പ നൽകുക എന്നത് കേന്ദ്രബാങ്കിന്റെ മറ്റൊരു പ്രധാന ചുമതലയാണ്. ഇതിനാൽ കേന്ദ്രബാങ്കിനെ കടം നൽകാനുള്ള അവസാനത്തെ അഭയസ്ഥാനമായി വിശേഷിപ്പിക്കുന്നു (lender of last resort).

റിസർവ് ബാങ്ക് സമ്പദ്ഘടനയിലെ പണത്തിന്റെ പ്രദാനം വിവിധ രീതിയിൽ നിയന്ത്രിക്കുന്നു. ഇതിനായി ഉപയോഗിക്കുന്ന ഉപാധികൾ ഗുണപരമായതോ അളവ് പരമായതോ ആയിരിക്കും. അളവ് പരമായ ഉപാധികൾ പണത്തിന്റെ പ്രദാനത്തെ കരുതൽ ധനാനുപാതം, ബാങ്ക് നിരക്ക്, തുറന്ന കമ്പോള നടപടികൾ എന്നിവയുപയോഗിച്ച് നിയന്ത്രിക്കുന്നു. ഗുണപരമായ ഉപാധികളിൽ വാണിജ്യബാങ്കുകളുടെ വായ്പ പ്രോത്സാഹിപ്പിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള ധാർമിക അനുനയം, മാർജിൻ റിക്വയർമെന്റ് തുടങ്ങിയ പ്രേരണാ ഘടകങ്ങളും ഉൾപ്പെടും.

കേന്ദ്രബാങ്ക് കരുതൽ അനുപാതത്തിൽ ഇടയ്ക്കിടക്ക് മാറ്റം വരുത്താറുണ്ട്. തന്മൂലം ബാങ്കുകൾ വായ്പകൊടുക്കുന്ന അളവിൽ മാറ്റം വരുന്നു. ഇത് നിക്ഷേപത്തിൽ മാറ്റം വരുത്തുകയും പണത്തിന്റെ പ്രദാനത്തിന്റെ അളവിൽ മാറ്റമുണ്ടാക്കുകയും ചെയ്യുന്നു. നേരത്തെ പറഞ്ഞ ഉദാഹരണത്തിൽ റിസർവ് ബാങ്ക് കരുതൽ അനുപാതം 25% മായി വർദ്ധിപ്പിക്കുകയാണെങ്കിൽ പണഗുണകത്തിന് എന്തുമാറ്റമാണ് സംഭവിക്കുക. പ്രസ്തുത ഉദാഹരണത്തിൽ 100 രൂപ കരുതൽ ശേഖരമായി സൂക്ഷിക്കുമ്പോൾ 400 രൂപയുടെ നിക്ഷേപമാണ് രേഖപ്പെടുത്തുന്നത്. പക്ഷേ ഇപ്പോൾ 300 രൂപമാത്രമേ ബാങ്കുകൾക്ക് വായ്പയായി നൽകാൻ കഴിയൂ. വർദ്ധിപ്പിച്ച കരുതൽ ശേഖരം സ്വരൂപിക്കുന്നതിനായി വായ്പ കൊടുത്ത പണം ബാങ്കുകൾ തിരിച്ചെടുക്കുന്നു. ഇതോടെ പണത്തിന്റ പ്രദാനം ജനങ്ങൾക്കിടയിൽ കുറയുന്നു.

പണത്തിന്റെ പ്രദാനം നിയന്ത്രിക്കുന്ന റിസർവ് ബാങ്കിന്റെ മറ്റൊരു ഉപാധിയാണ് പരസ്യ കമ്പോള നടപടികൾ (Open Market Operations). സർക്കാർ ഇറക്കുന്ന കടപത്രങ്ങൾ തുറന്ന കമ്പോളത്തിൽ വിൽക്കുന്നതിനെയും വാങ്ങുന്നതിനെയുമാണ് തുറന്ന കമ്പോള നടപടികൾ എന്ന് പറയുന്നത്. ഗവൺമെന്റിനുവേണ്ടി കേന്ദ്ര ബാങ്കിനെയാണ് ഈ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിരിക്കുന്നത്. റിസർവ് ബാങ്ക് തുറന്ന

കമ്പോളത്തിൽ ഗവൺമെന്റിന്റെ കടപത്രം വാങ്ങുകയും പകരം ഇതിന്റെ മൂല്യത്തിനു തുല്യമായ ചെക്ക് നൽകുകയും ചെയ്യുന്നു. ഈ ചെക്ക് സമ്പദ്ഘടനയിലെ പണം ശേഖരത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും ഇത് പണത്തിന്റെ പ്രദാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതുപോലെ RBI കടപത്രങ്ങൾ സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വിൽക്കുമ്പോൾ പണശേഖരത്തിന്റെ അളവ് കുറയുകയും പണത്തിന്റെ പ്രദാനം കുറയുകയും ചെയ്യുന്നു.

തുറന്ന കമ്പോള നടപടികൾ ഔട്ട്റൈറ്റ്, റിപ്പോ എന്നിങ്ങനെ രണ്ടു തരത്തിലുണ്ട്. ഔട്ട്റൈറ്റ് വഴിയുള്ള തുറന്ന കമ്പോള നടപടികൾ സ്ഥിര സ്വഭാവമുള്ളതാണ്. കേന്ദ്രബാങ്ക് കടപ്പത്രങ്ങൾ (സെക്യൂരിറ്റികൾ) വാങ്ങുമ്പോൾ, പണം സമ്പദ്ഘടനയിലേക്ക് എത്തുന്നു. പിന്നീട് ഇത് തിരികെ വിൽക്കുമെന്ന വാഗ്ദാനം നൽകുന്നില്ല. അതുപോലെ കേന്ദ്ര ബാങ്ക് ഈ സെക്യൂരിറ്റികൾ വിൽക്കുമ്പോൾ പണം സമ്പദ്ഘടനയിൽ നിന്ന് പിൻവലി ക്കുന്നു. പിന്നീട് വാങ്ങുമെന്ന യാതൊരു ഉറപ്പും നൽകുന്നില്ല. ഇതുകൊണ്ടുതന്നെ പണം സമ്പദ്ഘടന യിലെത്തിക്കുകയോ പിൻവലിക്കുകയോ ചെയ്താൽ ഇത് സ്ഥിര മായിരിക്കും. എന്നാൽ മറ്റൊരു തരത്തിലുള്ള നടപടിയും ഉണ്ടാകാറുണ്ട്. ഇതിൽ കേന്ദ്രബാങ്ക് ഒരു സെക്യൂരിറ്റി വാങ്ങുമ്പോൾ ഇത് വീണ്ടും വിൽക്കുന്നതിന്റെ വിലയും തീയതിയും മുൻകൂട്ടി വാങ്ങൽ കരാറിൽ സൂചിപ്പിച്ചിരിക്കും. ഇത്തരം കരാറുകളെ റിപർച്ചേസ് എഗ്രിമെന്റ് (പുനർവിൽപ്പന കരാറ്) അഥവാ **റിപ്പോ** എന്നു പറയുന്നു. ഇതിന്നായി നൽകുന്ന പലിശനിരക്കിനെ **റിപ്പോ നിരക്ക്** എന്നു പറയുന്നു. ഇതുപോലെ സെക്യൂരിറ്റികളുടെ ഔട്ട്റേറ്റ് വിൽപ്പനയ്ക്കു പകരം കേന്ദ്രബാങ്ക് തിരിച്ചു വാങ്ങാനുള്ള തീയതിയും വിലയും സൂചിപ്പിക്കുന്ന ഒരു കരാറിലൂടെ സെക്യൂരിറ്റികൾ വിൽക്കുന്നു. ഇത്തരം കരാറുകൾ റിവേഴ്സ് പർച്ചേസ് എഗ്രിമെന്റ് (വിപരീത വാങ്ങൽ കരാർ) അഥവാ **റിവേഴ്സ് റിപ്പോ** എന്നറിയപ്പെടുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റിപ്പോ, റിവേഴ്സ് റിപ്പോ വ്യവഹാരങ്ങൾ വിവിധ കാലാവധികളിൽ നടത്തുന്നു. ഒരു രാത്രി, 7 ദിവസം, 14 ദിവസം എന്നിങ്ങനെ. ഇത്തരം പ്രവർത്തനങ്ങൾ റിസർവ് ബാങ്കിന്റെ പണനയത്തിന്റെ പ്രധാന ഉപാധികളാണ്.

വാണിജ്യബാങ്കുകൾക്ക് വായ്പനൽകുന്ന നിരക്കുകളിൽ മാറ്റം വരുത്തിക്കൊണ്ട് റിസർവ് ബാങ്കിന് പണത്തിന്റെ പ്രദാനത്തെ സ്വാധീനിക്കാൻ സാധിക്കും. ഇന്ത്യയിൽ ഇത് ബാങ്ക് നിരക്ക് (Bank Rate) എന്നറിയപ്പെടുന്നു. ബാങ്ക് നിരക്ക് വർദ്ധിപ്പിക്കുന്നതിലൂടെ വാണിജ്യബാങ്കുകളുടെ വായ്പകൾ കൂടുതൽ ചെലവേറിയതാവുന്നു. ഇത് അവയുടെ കരുതൽ ശേഖരങ്ങൾ കുറയ്ക്കുകയും പണത്തിന്റെ പ്രദാനം കുറയ്ക്കുകയും ചെയ്യുന്നു. ബാങ്ക് നിരക്ക് കുറയുമ്പോൾ പണത്തിന്റെ പ്രദാനം കൂടുന്നു.

ബോക്സ് 3.1 പണത്തിന്റെ ചോദന – പ്രദാനം : ഒരു സമഗ്ര സംവാദം

ആസ്തികളിൽ ഏറ്റവും ദ്രവത്വമുള്ളതാണ് പണം. ഇത് സാർവത്രിക സ്വീകാര്യതയുള്ള ഒന്നായതിനാൽ മറ്റു വസ്തുകൾക്കുവേണ്ടി എളുപ്പത്തിൽ കൈമാറാവുന്നതാണ്. ഇതിന് അവസരാത്മക ചെലവ് (Opportunity Cost) ഉണ്ട്. ഒരു നിശ്ചിത അളവ് പണം കയ്യിൽ കരുതുന്നതിനു പകരം ഒരു ബാങ്കിൽ സ്ഥിരനിക്ഷേപമാക്കുകയാണെങ്കിൽ അതിന് പലിശ ലഭിക്കും. എത്ര പണം ഒരു നിശ്ചിതസമയം കയ്യിൽ കരുതണമെന്ന് തീരുമാനിക്കണമെങ്കിൽ ദ്രവത്വത്തിന്റെ പ്രയോജനവും നഷ്ടപ്പെടുത്തുന്ന പലിശയും പരിഗണിക്കേണ്ടതുണ്ട്. പണം മിച്ചമായി കരുതുന്നതിനുള്ള ചോദനം ദ്രവത്വാഭിലാഷം (Liquidity) എന്നറിയപ്പെടുന്നു. പ്രധാനമായും രണ്ടു തരം പ്രേരണകളാലാണ് ആളുകൾ മിച്ചമുള്ള പണം കയ്യിൽ സൂക്ഷിക്കുന്നത്.

കൈമാറ്റപ്രേരകം

ഇടപാടുകൾ നടത്തുന്നതിനുവേണ്ടിയാണ് പണം പ്രധാനമായും കയ്യിൽ കരുതുന്നത്. ആഴ്ചയിലൊരിക്കലാണ് നിങ്ങൾക്ക് വരുമാനം ലഭിക്കുന്നതെന്നു കരുതുക. ആദ്യദിവസം തന്നെ മുഴുവൻ ബില്ലുകളും അടച്ചു തീർക്കുന്നു. എങ്കിൽ ബാക്കിയുള്ള തുക ആഴ്ചയിലുടനീളം കയ്യിൽ കരുതേണ്ടതില്ല. അതുകൊണ്ടുതന്നെ ചെലവ് കഴിച്ചുള്ള തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാൻ നിങ്ങളുടെ തൊഴിൽ ദാതാവിനോട് ആവശ്യപ്പെടാം. പക്ഷേ പലപ്പോഴും നമ്മുടെ ചെലവും വരവും ചേർന്നു പോകണമെന്നില്ല. ആളുകൾക്ക് പണം ലഭിക്കുന്നത് വ്യത്യസ്ത സമയങ്ങളിലായിരിക്കും. തുടർച്ചയായ ഇടവേളകളിൽ ഇത് ചെലവഴിച്ചുകൊണ്ടിരിക്കും. മാസത്തിന്റെ തുടക്കത്തിൽ നിങ്ങൾക്ക് 100 രൂപ ലഭിക്കുന്നു. മാസാന്ത്യം വരെ ഇതിൽ നിന്നും ചെലവഴിക്കുന്നു. മാസാദ്യവും മാസാന്ത്യവും നിങ്ങളുടെ കയ്യിലുള്ള തുക യഥാക്രമം 100 ഉം 0 വുമാണെന്നിരിക്കട്ടെ. എങ്കിൽ നിങ്ങളുടെ കയ്യിലുള്ള ശരാശരി പണം (100+0)/2= 50 രൂപ ആയിരിക്കും. ഇതുപയോഗിച്ചാണ് നിങ്ങൾ 100 രൂപാമൂല്യമുള്ള ഇടപാടുകൾ നടത്തുന്നത്. ഇതിൽ നിന്നും നിങ്ങളുടെ ശരാശരി വ്യവഹാര പണചോദനം (Average transaction demand for money) നിങ്ങളുടെ മാസവരുമാനത്തിന്റെ പകുതിയ്ക്കു തുല്യമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നിങ്ങളുടെ ഒരു മാസത്തെ ഇടപാടുകളുടെ മൂല്യത്തിന്റെ പകുതി.

രണ്ടു വ്യക്തികൾ മാത്രമുള്ള ഒരു സമ്പദ്ഘടനയെ സങ്കൽപ്പിക്കുക. ഇതിൽ ഒരാൾ ഒരു ഉൽപ്പാദക യൂണിറ്റിന്റെ ഉടമസ്ഥനും മറ്റേയാൾ തൊഴിലാളിയുമാണ്. മാസത്തിന്റെ തുടക്കത്തിൽ ഉൽപ്പാദകൻ തൊഴിലാളിക്ക് 100 രൂപ കൂലിയായി നൽകുന്നു. വിപണിയിൽ ലഭ്യമായ ഏക ഉൽപ്പന്നം ഇതേ ഉൽപ്പാദകന്റേത് തന്നെ ആയതുകൊണ്ട് തൊഴിലാളി അതേ ഉൽപ്പന്നം വാങ്ങുന്നതിനായി മാസത്തിലുടനീളം ഈ തുകയിൽ നിന്ന് ചെലവഴിക്കുന്നു. ഇപ്രകാരം മാസത്തിന്റെ തുടക്കത്തിൽ തൊഴിലാളിയുടെ കയ്യിൽ 100 രൂപയും ഉൽപ്പാദകന്റെ കയ്യിലുള്ള പണം പൂജ്യവുമായിരിക്കും. എന്നാൽ മാസാവസാനം ഉൽപ്പന്നത്തിന്റെ വിപണനത്തിലൂടെ ഈ 100 രൂപ ഉൽപ്പാദകന്റെ കയ്യിലെത്തുന്നു. തൊഴിലാളിയുടെ കയ്യിലുള്ള പണം പൂജ്യവുമായിരിക്കും. തൊഴിലാളിയുടേയും ഉൽപ്പാദകന്റെയും കയ്യിലുള്ള ശരാശരി പണം 50 ആയിരിക്കും. സമ്പദ്ഘടനയിലെ മൊത്തം വ്യവഹാര പണചോദനം 100 രൂപ ആയിരിക്കും. സമ്പദ്ഘടനയിലെ മൊത്തം ഇടപാടുകളുടെ ആ മാസത്തെ മൂല്യം 200 ആയിരിക്കും. ഉൽപ്പാദകൻ 100 രൂപയുടെ ഉൽപ്പന്നം വിൽക്കുന്നു. തൊഴിലാളി 100 രൂപയുടെ ഉൽപ്പന്നം വാങ്ങുന്നു. ഇപ്രകാരം വ്യവഹാരത്തിനുവേണ്ടിയുള്ള പണത്തിന്റെ ചോദനം ഒരു നിശ്ചിത കാലയളവിൽ സമ്പദ്ഘടനയിൽ നടന്ന മൊത്തം ഇടപാടിന്റെ ഒരു ഭാഗമായിരിക്കും.

പൊതുവെ സമ്പദ്ഘടനയിലെ കൈമാറ്റത്തിനുവേണ്ടിയുള്ള പണത്തിന്റെ ചോദനത്തെ (M^d_T) ഇങ്ങനെ രേഖപ്പെടുത്താം

$$M^d_T = k.T \quad (3.1)$$

ഇവിടെ T സമ്പദ്ഘടനയിലെ നിശ്ചിത കാലയളവിലുള്ള ഇടപാടുകളുടെ മൊത്തം മൂല്യത്തെ സൂചിപ്പിക്കുന്നു. k പോസിറ്റീവ് ഫ്രാക്ഷൻ (0 ത്തിനും 1 നും ഇടയിലുള്ള മൂല്യം) ആയിരിക്കും.

നേരത്തെ പറഞ്ഞ രണ്ടുപേരുള്ള സമ്പദ്ഘടനയെ നമുക്ക് മറ്റൊരു തരത്തിൽ കാണാം. ആകെയുള്ള 100 രൂപ ഉപയോഗിച്ച് 200 രൂപാ മൂല്യമുള്ള ഇടപാടുകൾ സമ്പദ്ഘടനയിൽ നടക്കുമെന്നത് നിങ്ങളെ അത്ഭുതപ്പെടുത്തിയിട്ടുണ്ടാവും. ഒരോ രൂപയും മാസത്തിൽ രണ്ടുതവണ കൈമാറ്റം ചെയ്യപ്പെടുന്നു എന്നതാണ് ഈ കടംകഥയ്ക്കുള്ള ലളിതമായ ഉത്തരം. മാസത്തിലെ ആദ്യദിവസം ഈ പണം തൊഴിൽദാതാവിന്റെ കയ്യിൽ നിന്ന് തൊഴിലാളിയുടെ കൈകളിലേക്ക് എത്തുന്നു. ഒരു യൂണിറ്റ് പണം ഒരു നിശ്ചിത കാലയളവിൽ എത്ര തവണ കൈമാറ്റം ചെയ്യപ്പെടുന്നു എന്നതിനെ പണത്തിന്റെ ചാക്രിക പ്രവേഗം (Velocity of Circulation) എന്നു പറയുന്നു. നേരത്തെ പറഞ്ഞ ഉദാഹരണത്തിൽ ഇത് 2 ആണ്. അതായത് പണശിഷ്ടവും ഇടപാടുകളുടെ മൂല്യവും തമ്മിലുള്ള അനുപാതം

ഇപ്രകാരം സമവാക്യം 3.1 നെ നമുക്ക് ഇങ്ങനെ മാറ്റി എഴുതാം.

$$\frac{1}{k}.M^d_T = T, \quad \text{അല്ലെങ്കിൽ } v.M^d_T = T \qquad (3.2)$$

ഇവിടെ V= 1/k ചാക്രിക പ്രവേഗത്തെ സൂചിപ്പിക്കുന്നു. T ഒരു പ്രവാഹചരവും പണത്തിന്റെ പ്രദാനം (M^d_T) ഒരു ശേഖര ചരവുമാണിവിടെ. ഒരു നിശ്ചിത സമയത്ത് ആളുകൾ സൂക്ഷിച്ചുവെക്കാനുദ്ദേശിക്കുന്ന പണത്തിന്റെഅളവിനെ ഇത് സൂചിപ്പിക്കുന്നു. പണത്തിന്റെ പ്രവേഗത്തിന് VelocityofMoney) ഒരു സമയ പശ്ചാത്തലം ഉണ്ടായിരിക്കും. ഒരു യൂണിറ്റ് പണം എത്ര തവണ ഒരു നിശ്ചിതകാലയളവിൽ കൈമാറ്റം ചെയ്യപ്പെടുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇതുപ്രകാരം V. M^d_T ഒരു നിശ്ചിത അളവുപണം ഉപയോഗിച്ച് നടത്തിയ മൊത്തം പണമിടപാടുകളെ സൂചിപ്പിക്കുന്നു. ഇതൊരു പ്രവാഹചരമാണ്. ഇത് സമവാക്യത്തിന്റെ വലതുവശത്തെ മൂല്യത്തിനു തുല്യമായിരിക്കും.

ഒരു നിശ്ചിതവർഷത്തിൽ ഒരു സമ്പദ്ഘടനയിലെ പണത്തിന്റെ മൊത്തം വ്യവഹാരചോദനവും മൊത്തം ആഭ്യന്തര ഉൽപന്നവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ നമുക്കു താൽപ്പര്യമുണ്ടാകും. ഒരു സമ്പദ്ഘടനയിലെ മൊത്തം വാർഷിക ഇടപാടുകളുടെ വാർഷിക മൂല്യത്തിൽ എല്ലാ ഇടനില ചരക്കുസേവനങ്ങളുടെയും മൂല്യം ഉൾപ്പെടുമെന്നതിനാൽ ഇത് ജിഡിപി (GDP)യേക്കാൾ കൂടുതലായിരിക്കും. എന്നിരുന്നാലും നോമിനൽ ജിഡിപിയും മൊത്തം ഇടപാടുകളും തമ്മിൽ അനുകൂലവും സ്ഥിരവുമായ ബന്ധം നിലനിൽക്കുന്നു. നോമിനൽ ജിഡിപിയിലുള്ള വർദ്ധനവ് മൊത്തം ഇടപാടുകളുടെ മൂല്യത്തിലുള്ള വർദ്ധനവിനെ സൂചിപ്പിക്കുന്നു. ഇത് പണത്തിന്റെ ഉയർന്ന വ്യവഹാരചോദനത്തിന്റെയും സൂചനയാണ്. ഇപ്രകാരം സമവാക്യം 3.1 നെ നമുക്ക് താഴെ കാണും വിധം മാറ്റിയെഴുതാം.

$$M^d_T = kPY \quad (3.3)$$

ഇവിടെ Y യഥാർത്ഥ ദേശീയവരുമാനവും (Real GDP), P പൊതുനിലവാരം അല്ലെങ്കിൽ ജിഡിപി ഡിഫ്ളേറ്ററും (GDP Deflator) ആണ്. പണത്തിന്റെ വ്യവഹാരചോദനം സമ്പദ്‌വ്യവസ്ഥയിലെ യഥാർത്ഥ വരുമാനവും ശരാശരി വിലനിലവാരവുമായി അനുകൂലബന്ധം പുലർത്തുന്നതായി ഈ സമവാക്യം സൂചിപ്പിക്കുന്നു.

ഊഹപ്രേരകം (The Speculative Motive)

ഒരു വ്യക്തി സ്വന്തം സമ്പത്ത് ഭൂസ്വത്തായോ, കടപത്രമായോ, പണമായോ, സ്വർണ്ണമായോ സൂക്ഷിക്കുന്നു. പണമൊഴികെ ഉള്ള ആസ്തികളെ സുഗമമായി കടപത്രങ്ങൾ എന്നു സൂചിപ്പിക്കാം. യഥാർത്ഥത്തിൽ ഒരു നിശ്ചിത കാലയളവിലേക്കുള്ള പണകരാറാണ് കടപത്രങ്ങൾ. ഈ രേഖകൾ ഗവൺമെന്റോ ഉൽപ്പാദകരോ പൊതുജനങ്ങളിൽ നിന്ന് കടമായി പണം സ്വരൂപിക്കുന്നതിനാണ് പുറത്തിറക്കുന്നത്. ഇത് വിപണിയിൽ വിൽപ്പനയ്ക്ക് വിധേയമാണ്. രണ്ടുവർഷം കാലാവധിയുള്ള കടപത്രം പരിഗണിക്കുക. ഒരു ഉൽപ്പാദക യൂണിറ്റ് പൊതു ജനങ്ങളിൽ നിന്ന് 100 രൂപ സ്വരൂപിക്കാൻ ലക്ഷ്യമിടുന്നു. ഒരു കടപത്രം ഇതിനായി ഇറക്കുന്നു. ഇതിന്റെ മൂല്യം ആദ്യത്തെ വർഷത്തിന്റെ അവസാനം 10 രൂപയും രണ്ടാമത്തെ വർഷത്തിന്റെ അവസാനം 10 രൂപ അധികം നൂറുരൂപയുടെ പലിശയും ആയിരിക്കും. ഈ കടപത്രത്തിന്റ മുഖവില 100രൂപയും കാലാവധി രണ്ടുവർഷവും കൂപ്പൺനിരക്ക് 10% വുമാണെന്നു പറയാം. സേവിംഗ് ബാങ്ക് നിക്ഷേപത്തിന്റെ പലിശനിരക്ക് നിലവിൽ 5% ആണെന്നു കരുതുക. സ്വാഭാവികമായും നിങ്ങൾ ബാങ്കിൽ നിന്നു ലഭിക്കുന്നപലിശയും കടപത്രത്തിൽ നിന്നു ലഭിക്കുന്ന വരുമാനവും താരതമ്യം ചെയ്തു നോക്കും. എത്ര പണം ബാങ്കിൽ നിക്ഷേപിച്ചാലാണ് വർഷാന്ത്യം 10 രൂപ ലഭിക്കുക എന്ന നമ്മൾ കണക്കാക്കും. ഈ തുക X ആണ് എന്നു കരുതുക,

$$X\left(1+\frac{5}{100}\right)=10$$

മറ്റൊരു തരത്തിൽ പറഞ്ഞാൽ,

$$X=\frac{10}{\left(1+\frac{5}{100}\right)}$$

ഈ തുക X രൂപ, 10 രൂപയുടെ കമ്പോള പലിശനിരക്കിൽ ഇളവുചെയ്ത/ തുല്യ മാക്കിയ വർത്തമാനകാല വിലയാണ് (Present Value). തുക Y രണ്ടുവർഷത്തിനു നിക്ഷേപിച്ചാലാണ് 110 രൂപ ലഭിക്കുക എന്നു കരുതുക. കടപത്രത്തിൽ നിന്നുള്ള തുടർച്ചയായുള്ള വരുമാനത്തിന്റെ വർത്തമാനവില താഴെ പറയും വിധം ആയിരിക്കും.

$$PV=X+Y=\frac{10}{\left(1+\frac{5}{100}\right)}+\frac{(10+100)}{\left(1+\frac{5}{100}\right)^2}$$

കണക്കുകൂട്ടുമ്പോൾ ഇത് ഏതാണ്ട് 109.29 രൂപ ആയിരിക്കും. അതായത് 109.29 രൂപ സേവിംഗ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചാലായിരിക്കും കടപത്രത്തിൽ നിന്നു ലഭിക്കുന്ന വരുമാനത്തിനു തുല്യമായ വരുമാനം ലഭിക്കുക. പക്ഷേ 100 രൂപാ മുഖവിലയുള്ള കടപത്രത്തിൽ നിന്നു തന്നെ ഇതേ വരുമാനം ലഭിക്കുന്നു. സ്വാഭാവികമായും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനേക്കാൾ കടപത്രങ്ങൾ വാങ്ങുന്നതായിരിക്കും ആളുകൾക്ക് താൽപ്പര്യം. കടപത്രത്തിന്റെ വില വർത്തമാന വിലയ്ക്കു തുല്യമാകുന്നതുവരെ മത്സരാത്മക ലേലം കടപത്രത്തിന്റെ വില

അതിന്റെ മുഖവിലയേക്കാൾ ഉയർത്തുന്നു. വർത്തമാന വിലയ്ക്ക് മുകളിൽ കടപത്രത്തിന്റെ വില ഉയർന്നാൽ ഇവ സേവിംഗ് ബാങ്ക് അക്കൗണ്ടിനേക്കാൾ ആകർഷകമല്ലാതാവുന്നു. കടപത്രങ്ങളുടെ പ്രദാനം അധികമാവുമ്പോൾ അവയുടെ വില വർത്തമാനവിലയിലേക്ക് കുറയാൻ സമ്മർദം ഉണ്ടാവുന്നു. മത്സരാത്മക ആസ്തി കമ്പോളത്തിൽ സന്തുലിതാവസ്ഥയിൽ കടപത്രത്തിന്റെ വില എല്ലായ്പ്പോഴും വർത്തമാനവിലയ്ക്ക് തുല്യമായിരിക്കും.

കമ്പോളത്തിലെ പലിശനിരക്ക് 5% ത്തിൽ നിന്ന് 6% മായി ഉയർന്നു എന്നിരിക്കട്ടെ. അപ്പോൾ വർത്തമാന വില

$$\frac{10}{(1+\frac{6}{100})} + \frac{(10+100)}{(1+\frac{6}{100})^2} = 107.33 \text{ (ഏകദേശം)}$$

ഒരു കടപത്രത്തിന്റെ വിലയ്ക്ക് കമ്പോളത്തിലെ പലിശനിരക്കുമായി വിപരീത ബന്ധമാണുള്ളതെന്ന് ഇതു സൂചിപ്പിക്കുന്നു.

സമ്പദ്ഘടനയെക്കുറിച്ച് ലഭിക്കുന്ന സ്വകാര്യവിവരങ്ങളെ അടിസ്ഥാനമാക്കി ഓരോ വ്യക്തിക്കും കമ്പോളത്തിലെ പലിശനിരക്കിൽ ഭാവിയിലുണ്ടാകുന്ന മാറ്റത്തെ സംബന്ധിച്ച് വ്യത്യസ്തമായ പ്രതീക്ഷകളായിരിക്കും ഉണ്ടാവുക. കമ്പോളത്തിലെ പലിശനിരക്ക് ക്രമേണ 8% ആയി മാറുമെന്നു നിങ്ങൾ കരുതുന്നുവെങ്കിൽ ഇപ്പോഴത്തെ 5% എന്ന നിരക്ക് ദീർഘകാലം നിലനിൽക്കാനുള്ള സാധ്യത കുറവാണെന്ന് നിങ്ങൾ അനുമാനിക്കും. പലിശനിരക്ക് കൂടുമ്പോൾ കടപത്രത്തിന്റെ വില ക്രമേണ കുറയുമെന്ന് നിങ്ങൾ പ്രതീക്ഷിക്കും. നിങ്ങളുടെ കയ്യിൽ ഒരു കടപത്രം ഉണ്ടെങ്കിൽ വിലകുറയുന്നത് നഷ്ടത്തിനുകാരണമാവും. നമ്മുടെ കയ്യിലുള്ള ആസ്തിയുടെ മൂല്യം കമ്പോളത്തിൽ പെട്ടെന്ന് കുറയുന്നതിന് തുല്യമാണിത്. കടപത്രത്തിന്റെ വിലകുറയുന്നതുമൂലം അതിന്റെ ഉടമസ്ഥനുണ്ടാവുന്ന നഷ്ടത്തെ മൂലധന നഷ്ടം (Capital loss) എന്നു പറയുന്നു. ഇത്തരം സാഹചര്യങ്ങളിൽ നിങ്ങൾ കയ്യിലുള്ള കടപത്രങ്ങൾ വിറ്റ് പണം കയ്യിൽ സൂക്ഷിക്കാൻ താൽപ്പര്യപ്പെടുന്നു. ഇത്തരത്തിൽ ഭാവിയിൽ പലിശനിരക്കിലും കടപത്രങ്ങളുടെ വിലയിലും ഉണ്ടാകുന്ന മാറ്റത്തെ സംബന്ധിച്ച ഊഹങ്ങൾ പണത്തിന്റെ ഊഹം അടിസ്ഥാനമാക്കിയുള്ള ചോദനത്തിനു (Speculative Demand) കാരണമാവുന്നു.

പലിശനിരക്ക് വളരെ ഉയർന്നു നിൽക്കുമ്പോൾ ഭാവിയിൽ ഇത് കുറയുമെന്നും തന്മൂലം കടപത്രങ്ങളിൽ നിന്ന് മൂലധനനേട്ടം (Capital gain) ഉണ്ടാവുമെന്നും എല്ലാവരും പ്രതീക്ഷിക്കുന്നു. ആളുകൾ പണം കടപത്രങ്ങളാക്കി മാറ്റുന്നു. അപ്പോൾ പണത്തിന്റെ ഊഹ പ്രേരക ചോദനം കുറവായിരിക്കും. പലിശനിരക്ക് കുറഞ്ഞിരിക്കുമ്പോൾ അത് ഭാവിയിൽ ഉയരുമെന്ന് ആളുകൾ പ്രതീക്ഷിക്കുകയും മൂലധന നഷ്ടം മുൻകൂട്ടി കാണുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ആളുകൾ കടപത്രങ്ങൾ പണമാക്കി മാറ്റുന്നു. ഇത് പണത്തിന്റെ ഉയർന്ന ഊഹപ്രേരക ചോദനത്തിനു കാരണമാവുന്നു. പണത്തിന്റെ ഊഹപ്രേരക ചോദനം പലിശനിരക്കുമായി വിപരീത ദിശയിൽ ബന്ധപ്പെട്ടിരിക്കുന്നു. ഊഹപ്രേരക ചോദനത്തെ ലളിതമായി ഇങ്ങനെ രേഖപ്പെടുത്താം

$$M^d_s = \frac{r_{max} - r}{r - r_{min}} \qquad (3.4)$$

ഇവിടെ r കമ്പോളത്തിലെ പലിശനിരക്കാണ്, r_{max} ഉം r_{min} ഉം യഥാക്രമം പലിശ നിരക്കിന്റെ ഉയർന്ന പരിധിയും താഴ്ന്ന പരിധിയും ആണ്. ഇവ ഗുണാത്മക അഭേദകങ്ങൾ(Positive Constants) ആണ്. മേൽപ്പറഞ്ഞ സമവാക്യപ്രകാരം r, r_{max} ത്തിൽ നിന്നും r_{min} ത്തിലേക്ക് കുറയുമ്പോൾ M^d_s പൂജ്യത്തിൽ നിന്ന് അനന്ത (∞) മായി ഉയരുന്നു.

പലിശ നിരക്ക് പണം കയ്യിൽ സൂക്ഷിക്കുന്നതിന്റെ അവസരാത്മക ചെലവോ വിലയോ ആയി കണക്കാക്കാം. സമ്പദ്ഘടനയിലെ പണത്തിന്റെ പ്രദാനം വർദ്ധിക്കുമ്പോൾ ആളുകൾ ഈ അധികമുള്ള പണം ഉപയോഗിച്ച് കടപത്രങ്ങൾ വാങ്ങുന്നു തൽഫലമായി കടപത്രങ്ങളുടെ ചോദനം കൂടുന്നു, കടപത്രങ്ങളുടെ വില ഉയരുന്നു, പലിശനിരക്ക് കുറയുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ പണത്തിന്റെ ലഭ്യത കൂടുമ്പോൾ പണം കയ്യിൽ സൂക്ഷിക്കുന്നതിന്റെ വിലയായ പലിശ നിരക്ക് താഴുന്നു. പക്ഷേ വിപണിയിലെ പലിശനിരക്ക് കുറഞ്ഞിരിക്കുമ്പോൾ സമീപഭാവിയിൽ ഇത് കൂടുമെന്നും മൂലധനനഷ്ടം സംഭവിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ആളുകൾ കടപത്രങ്ങൾ കയ്യിൽ കരുതാൻ താൽപ്പര്യപ്പെടുന്നില്ല. സമ്പദ്ഘടനയിലെ എല്ലാ ആളുകളും അവരുടെ സമ്പാദ്യം പണമായി കയ്യിൽ കരുതുകയും, അധികം പണം സമ്പദ്ഘടനയിൽ എത്തിയാലും അത് ആളുകൾ കയ്യിൽ തന്നെ സൂക്ഷിക്കാൻ താൽപ്പര്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ കടപത്രങ്ങളുടെ ചോദനം കൂടാതിരിക്കുകയും പലിശനിരക്ക് ഏറ്റവും കുറഞ്ഞ പരിധിയിൽ എത്തിയതിനാൽ ഇനിയൊരു മാറ്റം അതിൽ സാധ്യമല്ലാതിരിക്കുകയും ചെയ്യുമ്പോൾ അതിനെ ദ്രവത്വകുരുക്ക് (Liquidity Trap) എന്നു പറയുന്നു. ഇവിടെ ഊഹപ്രേരക ചോദനം അനന്തമായി ഇലാസ്തികമായിരിക്കും.

രേഖാ ചിത്രം 3.1ൽ പണത്തിന്റ ഊഹപ്രേരക ചോദനം തിരശ്ചീന അക്ഷത്തിലും പലിശനിരക്ക് ലംബമാന അക്ഷത്തിലും സൂചിപ്പിച്ചിരിക്കുന്നു. $r=r_{max}$ ആവുമ്പോൾ ഊഹപ്രേരക ചോദനം പൂജ്യമായിരിക്കും. പലിശ നിരക്ക് വളരെ കൂടുതൽ ആയതിനാൽ ഇത് കുറയുമെന്ന് എല്ലാവരും പ്രതീക്ഷിക്കുന്നു. ഇതിലൂടെ മൂലധന നേട്ടം ഉണ്ടാവുമെന്നും മുൻകൂട്ടി കാണുന്നു. ഊഹത്തെ അടിസ്ഥാനമാക്കി കയ്യിൽ സൂക്ഷിച്ചുവെച്ചിരിക്കുന്ന പണം ആളുകൾ കടപത്രങ്ങളാക്കി മാറ്റുന്നു. $r=r_{min}$ ആവുമ്പോൾ സമ്പദ്ഘടന ദ്രവത്വ കുരുക്കിലെത്തുന്നു. പലിശനിരക്ക് ഭാവിയിൽ ഉയരുമെന്നും കടപത്രത്തിന്റെ വില കുറയുമെന്നും എല്ലാവരും പ്രതീക്ഷിക്കുന്നു. തന്മൂലം സമ്പത്ത് പണമായി തന്നെ സൂക്ഷിക്കാൻ ഓരോരുത്തരും താൽപ്പര്യപ്പെടുന്നു. ഇതുമൂലം ഊഹപ്രേരക ചോദനം അനന്തമാവുന്നു.



Fig. 3.1

പണത്തിന്റെ ഊഹപ്രേരക ചോദനം

സമ്പദ്ഘടനയിലെ മൊത്തം പണത്തിന്റെ ചോദനം വ്യവഹാര പ്രേരക ചോദനത്തിന്റെയും ഊഹ പ്രേരക ചോദനത്തിന്റെയും തുകയാണ്. ആദ്യത്തെ ഘടകത്തിന് റിയൽ ജിഡിപിയുമായും വിലനിലവാരവുമായും ആനുകൂലവും ആനുപാതികവുമായ ബന്ധമാണുള്ളത്. രണ്ടാമത്തേത് കമ്പോളത്തിലെ പലിശനിരക്കുമായി പ്രതികുല/വിപരീത ബന്ധം നിലനിർത്തുന്നു. മൊത്തം പണത്തിന്റെ ചോദനത്തെ താഴെ പറയുന്ന സമവാക്യത്തിലൂടെ ചുരുക്കാം.

$$M^d = M^d_T + M^d_S$$

$$\text{or, } M^d = kPY + \frac{r_{max} - r}{r - r_{min}} \qquad (3.5)$$

പണത്തിന്റെ പ്രദാനം: വിവിധ മാനകങ്ങൾ

രാജ്യത്തിന്റെ ധനകാര്യ അതോറിറ്റി പുറത്തിറക്കുന്ന കറൻസി നോട്ടുകളും നാണയങ്ങളും ചേർന്നതാണ് പ്രധാനമായും ആധുനിക സമ്പദ്ഘടനയിലെ പണം. ഇന്ത്യയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ് ഇതിന്റെ അധികാരി. ഇവയ്ക്കു പുറമെ പൊതുജനങ്ങളുടെയും വാണിജ്യബാങ്കുകളുടെയും കയ്യിലുള്ള സമ്പാദ്യം, കറന്റ് അക്കൗണ്ട് നിക്ഷേപങ്ങൾ തുടങ്ങിയവയും ഇവയ്ക്കുമേലുള്ള ചെക്കുകൾ ഇവയെല്ലാം ഇടപാടുകൾക്ക് ഉപയോഗിക്കാമെന്നതുകൊണ്ടുതന്നെ അവയും പണമായി പരിഗണിക്കാം. ഇത്തരം നിക്ഷേപങ്ങൾ ഡിമാന്റ് ഡിപ്പോസിറ്റുകൾ എന്നറിയപ്പെടുന്നു. അക്കൗണ്ടിലുള്ള പണം ഉപഭോക്താവിന്റെ ആവശ്യമനുസരിച്ച് പിൻവലിക്കാൻ സാധിക്കുമെന്നതിനാലാണ് അപ്രകാരം വിളിക്കുന്നത്. സ്ഥിര നിക്ഷേപങ്ങൾക്ക് ഒരു നിശ്ചിത കാലപരിധിയുണ്ട്. ഇവ സമയ നിക്ഷേപങ്ങൾ (Time Deposit) എന്നു അറിയപ്പെടുന്നു.

100 രൂപയുടെ കറൻസി ഉപയോഗിച്ച് ഇതിനു തുല്യമായ സാധനങ്ങൾ കടയിൽ നിന്ന് വാങ്ങാൻ കഴിയും പക്ഷേ യഥാർത്ഥത്തിൽ ആ നോട്ടിന്റെ സഹജമൂല്യം (Intrinsic Value) തീർച്ചയായും 100ൽ താഴെയായിരിക്കും. അതുപോലെ 5 രൂപ നാണയം നിർമ്മിക്കാൻ ഉപയോഗിച്ചിരിക്കുന്ന ലോഹത്തിന്റെ വില അഞ്ചിൽ താഴെയായിരിക്കും. എന്തുകൊണ്ട് ആളുകൾ സാധനങ്ങൾ വാങ്ങുന്നതിന് മുഖവിലയേക്കാൾ കുറഞ്ഞ ഇത്തരം നോട്ടുകളും നാണയങ്ങളും ഉപയോഗിക്കുന്നു? ഇത് പുറത്തിറക്കുന്ന അതോറിറ്റി നൽകുന്ന ഉറപ്പിൽ നിന്നാണ് ഇതിന്റെ മൂല്യം ഉണ്ടാവുന്നത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഗവർണ്ണർ കറൻസി നോട്ടുകളുടെ മുഖവിലയ്ക്ക് തുല്യമായ വാങ്ങൽ ശേഷി ആ കറൻസി കൈവശം വയ്ക്കുന്നവർക്ക് നിയമപരമായി ഉറപ്പു നൽകുന്നു. നാണയങ്ങളുടെ കാര്യത്തിലും ഇങ്ങനതന്നെയാണ്. അതിനാൽ കറൻസി നോട്ടുകളും നാണയങ്ങളും ഫിയറ്റ് മണി എന്നറിയപ്പെടുന്നു. ഇവയ്ക്ക് സ്വർണ്ണത്തെയോ വെള്ളിയെയോ പോലെ ആന്തരിക അല്ലെങ്കിൽ സഹജമൂല്യം (Intrinsic Value) ഉണ്ടായിരിക്കില്ല. ഇവ നിഷേധിക്കപ്പെടാൻ സാധ്യമല്ലാത്ത നാണ്യങ്ങളാണ് (Legal tender). അതുകൊണ്ടുതന്നെ ഒരു പൗരനും ഒരു ഇടപാടിലും ഇതിന്റെ മൂല്യം നിഷേധിക്കാൻ പാടില്ല. സേവിംഗ്സ് അല്ലെങ്കിൽ കറന്റ് അക്കൗണ്ടിനുമേലുള്ള ചെക്കുകൾ ആർക്കുവേണമെങ്കിലും നിരസിക്കാവുന്നതാണ്. ഡിമാന്റ് ഡിപ്പോസിറ്റുകൾ നിഷേധിക്കാനാവാത്ത പണം അല്ലാത്തതിനാലാണിത്.

പരിമിതപണവും വിശാലപണവും; നിയമപരമായ നിർവചനങ്ങൾ

പണത്തിന്റെ പ്രദാനം, പണത്തിന്റെ ചോദനം പോലത്തന്നെ ഒരു ശേഖര ചരമാണ്. ഒരു നിശ്ചിത സമയബിന്ദുവിൽ ചാക്രിക പ്രവാഹത്തിലുള്ള പണത്തിന്റെ ജനങ്ങളുടെ കയ്യിലുള്ള ശേഖരത്തെ പണത്തിന്റ പ്രദാനം എന്നു പറയുന്നു. പണത്തിന്റെ വ്യത്യസ്തമായ 4 മാനകങ്ങളെ (M1, M2, M3, M4) റിസർവ്ബാങ്ക് ഇങ്ങനെ നിർവചിച്ചിരിക്കുന്നു,

M1 = CU+ DD

M2 = M1+ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക്സ് നിക്ഷേപം

M3 = M1+ വാണിജ്യബാങ്കുകളുടെ അറ്റ സറിരനിക്ഷേപം

M4 = M3+ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് ഒഴികെയുള്ള മൊത്തം പോസ്റ്റോഫീസ് നിക്ഷേപം

ഇവിടെ CU എന്നത്, പൊതുജനങ്ങളുടെ കയ്യിലുള്ള കറൻസികളും നാണയങ്ങളുമാണ്. DD എന്നാൽ വാണിജ്യബാങ്കുകളുടെ കൈവശമുള്ള അറ്റ ഡിമാന്റ് നിക്ഷേപവുമാണ്. പൊതുജനങ്ങളുടെ നിക്ഷേപം മാത്രമേ ഇതിൽ ഉൾപ്പെടുന്നുള്ളൂ എന്നാണ് അറ്റ നിക്ഷേപം കൊണ്ട് അർത്ഥമാക്കുന്നത്. അതായത്, വാണിജ്യബാങ്കുകൾ പരസ്പരം നടത്തുന്ന നിക്ഷേപങ്ങൾ പണപ്രദാനത്തിന്റെ ഭാഗമായി പരിഗണിക്കുന്നില്ല.

M1, M2 എന്നിവ ചുരുങ്ങിയപണം (Narrow Money) എന്നറിയപ്പെടുന്നു. M3, M4 എന്നിവ വിശാലപണം (Broad Money) എന്നും അറിയപ്പെടുന്നു. M1, M2, M3, M4 ഇവയുടെ ദ്രവത്വം കുറഞ്ഞുവരുന്നു. ഏറ്റവും കൂടുതൽ ദ്രവത്വമുള്ളതും ഉപയോഗിക്കാൻ എളുപ്പമുള്ളതും M1 ആണ്. ഏറ്റവും കുറവു ദ്രവത്വം M4 നാണ്. M3യാണ് പണപ്രദാനത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. ഇവ മൊത്തപണ വിഭവങ്ങൾ[2] (aggregate monetary resources) എന്നും അറിയപ്പെടുന്നു.

ബോക്സ് 3.2 നോട്ടുനിരോധനം (Demonitisation)

അഴിമതി, കള്ളപ്പണം, തീവ്രവാദം, സമ്പദ്വ്യവസ്ഥയിലെ കള്ളപ്പണത്തിന്റെ പ്രചരണം എന്നിവ തടയുന്നതിനായി 2016 നവംബറിൽ കേന്ദ്ര സർക്കാർ നോട്ടു നിരോധനം നടപ്പിലാക്കി. നിലവിലെ 500, 1000 രൂപാനോട്ടുകൾക്ക് അന്നുമുതൽ നിയമയാധുത ഇല്ലാതായി. 500 രൂപയുടെയും 2000 രൂപയുടെയും പുതിയ നോട്ടുകൾ പുറത്തിറക്കി. സത്യവാങ്മൂലം ഇല്ലാതെ പൊതുജനങ്ങൾക്ക് അവരുടെ കയ്യിലുള്ള നിരോധിച്ച നോട്ടുകൾ ബാങ്കിൽ ഏൽപ്പിക്കാൻ 2016 ഡിസംബർ 31വരെയും സത്യവാങ്മൂലത്തോടെ 2017 മാർച്ച് 31വരെയും സമയമനുവദിച്ചു.

പൂർണ്ണമായ ഒരു തകർച്ച ഒഴിവാക്കുന്നതിനായി പ്രതിദിനം 4000 രൂപവരെയുള്ള പഴയനോട്ടുകൾ ബാങ്കിൽ ഏൽപ്പിച്ച് തുല്യമായ പുതിയ നോട്ടുകൾ വാങ്ങുന്നതിന് സർക്കാർ ജനങ്ങൾക്ക് അനുമതി നൽകി. മാത്രമല്ല 2016 ഡിസംബർ 12വരെ പെട്രോൾ പമ്പുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ ഉപയോഗിക്കാനും; നികുതി, വൈദ്യുതി ബിൽ മുതലായവ അടയ്ക്കാൻ ഉപയോഗിക്കാനും അനുവദിച്ചു.

[2] M1, M3 എന്നിവയിലുണ്ടാകുന്ന വ്യതിയാനങ്ങളുടെ കണക്കുകൾക്ക് അനുബന്ധം 3.2 കാണുക

ഈ നീക്കം ഒരേസമയം അഭിനന്ദിക്കപ്പെടുകയും ഒപ്പം വ്യാപകമായ പ്രതിഷേധം ക്ഷണിച്ചുവരുത്തുകയും ചെയ്തു. ബാങ്കുകൾക്കും എടിഎം യന്ത്രങ്ങൾക്കും മുന്നിൽ നീണ്ട നിരതന്നെ രൂപപ്പെട്ടു. സമ്പദ്ഘടനയിൽ കറൻസിയുടെ പ്രവാഹത്തിൽ കുറവു സംഭവിച്ചത് സാമ്പത്തിക പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. എങ്കിലും ക്രമേണ ഇതിനെ അതിജീവിക്കാനും പഴയ സ്ഥിതിയിലേക്ക് തിരിച്ചെത്താനും നമുക്കു സാധിച്ചു.

നോട്ടുനിരോധനത്തിന് ചിലഗുണഫലങ്ങളും ഉണ്ട്. നികുതിപരിധിക്കകത്തുവരുന്നവരുടെ എണ്ണം വർദ്ധിച്ചതോടെ പൊതുജനങ്ങളുടെ നികുതി വഴക്കം കൂടി. വ്യക്തികളുടെ സമ്പാദ്യങ്ങൾ ഔപചാരിക ധനവ്യവസ്ഥയിലേക്ക് എത്തിപ്പെട്ടു. ഇതിന്റെ ഫലമായി ബാങ്കുകളുടെ കൈവശമുള്ള വിഭവങ്ങൾ വർദ്ധിച്ചു. തന്മൂലം അവയ്ക്ക് കൂടുതൽ വായ്പകൾ കുറഞ്ഞ പലിശയ്ക്ക് നൽകാനായി. കള്ളപ്പണം നിരോധിക്കാനുള്ള സ്റ്റേറ്റിന്റെ തീരുമാനത്തിന്റെ ബോധ്യപ്പെടുത്തലായിരുന്നു ഇത്. നികുതി വെട്ടിപ്പ് അനുവദിക്കില്ലെന്ന താക്കീതായിരുന്നു ഇത്. നികുതി വെട്ടിപ്പ് ശിക്ഷയ്ക്കും പിഴയ്ക്കും കാരണമാവും. നികുതി വഴക്കം കൂടുകയും അഴിമതി കുറയുകയും ചെയ്യും. മറ്റൊരു തരത്തിലും നോട്ടുനിരോധനം നികുതി നിർവഹണത്തെ സഹായിച്ചു. സമ്പദ്‌വ്യവസ്ഥയ്ക്കു പുറത്തുള്ള ഇടപാടുകളെ ഔപചാരിക വ്യവസ്ഥയ്ക്കകത്തേക്ക് കൊണ്ടുവന്നു. ആളുകളും ഉൽപ്പാദക യൂണിറ്റുകളും കടലാസുപണത്തിൽ നിന്ന് ഇലക്ട്രോണിക് ഇടപാടുകളുടെ സാങ്കേതികവിദ്യയിലേക്ക് മാറ്റപ്പെട്ടു.

സംഗ്രഹം

പണം എന്ന മാധ്യമം ഇല്ലാതെ ചരക്കുകൾ പരസ്പരം കൈമാറുന്ന വ്യവസ്ഥയാണ് ബാർട്ടർ സംവിധാനം അഥവാ കൈമാറ്റവ്യവസ്ഥ. ആവശ്യങ്ങളുടെ പൊരുത്തത്തിന്റെ അഭാവമാണ് ഇത് പ്രായോഗികതലത്തിൽ നേരിടുന്ന പ്രധാന പ്രശ്നം. സാർവത്രിക അംഗീകാരമുള്ള പണം എന്ന കൈമാറ്റമാധ്യമം വ്യവഹാരങ്ങൾ സുഗമമാക്കുന്നു. ആധുനിക സമ്പദ്ഘടനയിൽ വ്യവഹാര പ്രേരകം, ഊഹപ്രേരകം എന്നിങ്ങനെ രണ്ടുതരം പ്രേരണകളാലാണ് വ്യക്തികൾ പണം കയ്യിൽ സൂക്ഷിക്കുന്നത്. ഒരു സമ്പദ്ഘടനയിലെ പണത്തിന്റെ പ്രദാനത്തിൽ കറൻസിനോട്ടുകൾ, നാണയങ്ങൾ, വാണിജ്യബാങ്കുകളുടെ ഡിമാന്റ്, സ്ഥിരനിക്ഷേപങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ദ്രവത്വത്തിന്റെ ആരോഹണക്രമമനുസരിച്ച് പണത്തെ വിശാലപണം, പരിമിതപണം എന്ന് വിഭജിച്ചിരിക്കുന്നു. രാജ്യത്തെ ധനകാര്യ അഥോറിറ്റിയായ റിസർവ് ബാങ്കാണ് ഇന്ത്യയിൽ പണത്തിന്റെ പ്രദാനം നിശ്ചയിക്കുന്നത്. പൊതുജനങ്ങളുടെയും വാണിജ്യബാങ്കുകളുടെയും റിസർവ് ബാങ്കിന്റെയും വിവിധ പ്രവർത്തനങ്ങൾ സമ്പദ്ഘടനയിലെ പണത്തിന്റെ പ്രദാനത്തിൽ മാറ്റങ്ങൾക്ക് കാരണമാവുന്നു. ഹൈ പവേർഡ് പണത്തിന്റെ ശേഖരം, ബാങ്ക് നിരക്ക്, വാണിജ്യ ബാങ്കുകളുടെ കരുതൽ ശേഖരങ്ങൾ എന്നിവ ക്രമീകരിച്ചുകൊണ്ട് റിസർവ് ബാങ്ക് പണത്തിന്റെ പ്രദാനത്തെ നിയന്ത്രിക്കുന്നു. മാത്രമല്ല സമ്പദ്ഘടനയിലെ പണത്തിന്റെ പ്രദാനത്തെ ബാഹ്യ ആഘാതങ്ങളിൽ നിന്ന് നിർവീര്യമാക്കുകയും ചെയ്യുന്നു.

പ്രധാന ആശയങ്ങൾ

ബാർട്ടർ സമ്പ്രദായം
പണം
അളവിന്റെ മാത്ര
കടപത്രങ്ങൾ
ദ്രവത്വ കുരുക്ക്
ലീഗൽ ടെൻഡർ
വിശാല പണം
കരുതൽ നിക്ഷേപ അനുപാതം
പണ ഗുണകം
തുറന്ന കമ്പോള നടപടികൾ
കരുതൽ ധനാനുപാതം
കരുതൽ റിപ്പോ നിരക്ക്
ആവശ്യങ്ങളുടെ ദ്വിമാന പൊരുത്തം
കൈമാറ്റ മാധ്യമം
മൂല്യത്തിന്റെ ശേഖരം
പലിശ നിരക്ക്
ഫിയറ്റ് പണം
കറൻസി നിക്ഷേപ അനുപാതം
ഹൈപവേർഡ് പണം
പണം കടം വാങ്ങുന്നതിനുള്ള
അവസാന ആശ്രയം
ബാങ്ക് നിരക്ക്
റിപ്പോ നിരക്ക്

പരിശീലന പ്രശ്നങ്ങൾ

1. ബാർട്ടർ സമ്പ്രദായം എന്നാൽ എന്ത്? എന്തൊക്കെയാണ് ഇതിന്റെ പരിമിതികൾ?
2. പണത്തിന്റെ പ്രധാന ധർമ്മങ്ങൾ എന്തെല്ലാം? ബാർട്ടർ സമ്പ്രദായത്തിന്റെ ന്യൂനതകൾ പണം എങ്ങനെയാണ് പരിഹരിച്ചത്?
3. പണത്തിന്റ വ്യവഹാര ചോദനം എന്നാൽ എന്ത്? ഒരു നിശ്ചിത കാലയളവിലുള്ള വ്യവഹാരത്തിന്റെ മൂല്യവുമായി ഇത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
4. ഇന്ത്യയിൽ പണത്തിന്റെ പ്രദാനത്തിനു നൽകുന്ന വിവിധ നിർവചനങ്ങൾ പരിചയപ്പെടുത്തുക?
5. എന്താണ് ലീഗൽ ടെൻഡർ? എന്താണ് ഫിയറ്റ് പണം?
6. എന്താണ് ഹൈപവേർഡ് പണം?
7. വാണിജ്യ ബാങ്കുകളുടെ ധർമ്മങ്ങൾ എന്തെല്ലാം?
8. എന്താണ് പണഗുണകം? ഇതിന്റെ മൂല്യം നിശ്ചയിക്കുന്നത് എന്താണ്?
9. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പണനയ ഉപാധികൾ എന്തെല്ലാമാണ്?
10. വാണിജ്യ ബാങ്കുകളാണ് ഒരു സമ്പദ്ഘടനയിൽ പണം സൃഷ്ടിക്കുന്നത് എന്ന് നിങ്ങൾ കരുതുന്നുണ്ടോ?
11. റിസർവ് ബാങ്കിന്റെ ഏതു ധർമ്മമാണ് പണം കടം വാങ്ങുന്നതിനുള്ള അവസാന ആശ്രയം എന്നറിയപ്പെടുന്നത്?

Suggested Readings

1. Dornbusch. R. and S. Fischer. 1990. *Macroeconomics*, (fifth edition) pages 345 427, McGraw Hill, Paris.
2. Sikdar, S., 2006. *Principles of Macroeconomics*, pages 77 – 89, Oxford University Press, New Delhi.

അനുബന്ധം 3.1

The Sum of an Infinite Geometric Series

We want to find out the sum of an infinite geometric series of the following form

$$S = a + a.r + a.r^2 + a.r^3 + ... + a.r^n + ... \infty$$

where a and r are real numbers and $0 < r < 1$. To compute the sum, multiply the above equation by r to obtain

$$r.S = a.r + a.r^2 + a.r^3 + ... + a.r^{n-1} + ... + \infty$$

Subtract the second equation from the first to get

$$S - r.S = a$$

$$or, (1 - r)S = a$$

which yields

$$S = \frac{a}{1 - r}$$

In the example used for the derivation of the money multiplier, $a = 1$ and $r = 0.4$. Hence the value of the infinite series is

$$\frac{1}{1 - 0.4} = \frac{5}{3}$$

അനുബന്ധം 3.2

Money Supply in India

Table 3.4: Changes in M1 and M3 Over Time (in Billion)

Year	*M1 (Narrow Money)*	*M3 (Broad Money)*
1999-00	3417.96	11241.74
2000-01	3794.33	13132.04
2001-02	4228.24	14983.36
2002-03	4735.58	17179.36
2003-04	5786.94	20056.54
2004-05	6497.66	22456.53
2005-06	8263.89	27194.93
2006-07	9679.25	33100.38
2007-08	11558.10	40178.55
2008-09	12596.71	47947.75
2009-10	14892.68	56026.98
2010-11	16383.45	65041.16
2011-12	17373.94	73848.31
2012-13	18975.26	83898.19
2013-14	20597.62	95173.86
2014-15	22924.04	105501.68
2015-16	26105.67	116543.39

Source: *Handbook of Statistics on Indian Economy, Reserve Bank of India, 2015-16*

The difference in values between the two columns is attributable to the time deposits held by commercial banks.

അനുബന്ധം 3.3

Changes in the Composition of the Sources of Monetary Base Over Time
Components of Money Stock

Table 3.5: **Sources of Change in Monetary Base (in Billion)**

Year	*Currency in Circulation*	*Cash with Banks*	*Currency with the Public (2-3)*	*Other Deposit with the RBI*	*Banker's Deposit with the RBI*
1981-82	154.11	9.37	144.74	1.68	54.19
1991-92	637.38	26.40	610.98	8.85	348.82
2001-02	2509.74	101.79	2407.94	28.31	841.47
2004-05	3686.61	123.47	3563.14	64.54	1139.96
2005-06	4295.78	174.54	4121.24	68.43	1355.11
2006-07	5040.99	212.44	4828.54	74.67	1972.95
2007-08	5908.01	223.90	5684.10	90.27	3284.47
2008-09	6911.53	257.03	6654.50	55.33	2912.75
2009-10	7995.49	320.56	7674.92	38.06	3522.99
2010-11	9496.59	378.23	9118.36	36.53	4235.09
2011-12	10672.30	435.60	10236.70	28.22	3562.91
2012-13	11909.75	499.14	11410.61	32.40	3206.71
2013-14	13010.75	552.55	12458.19	19.65	4297.03
2014-15	14483.12	621.31	13861.82	145.90	4655.61
2015-16(P)	16634.63	653.68	15980.95	154.51	5018.26

Source: *Handbook of Statistics on Indian Economy. Reserve Bank of India, 2015-16*